2026
NOVEMBER
23
MONDAY

www.societytodaynews.com

സൊസൈറ്റി ടുഡേ

SOCIETY TODAY e-paper



ഇന്ത്യയുടെ ക്രൂഡ് ഇറക്കുമതിച്ചെലവിൽ കുതിപ്പ്

19.5 ബില്യൺ ഡോളറിന്റെ പർച്ചേസ്

ന്യൂദൽഹി: അന്താരാഷ്ട്ര വിപണിയിൽ ക്രൂഡ് ഓയിൽ വില കുതിച്ചുയർന്നതോടെ ഇന്ത്യയുടെ അസംസ്കൃത എണ്ണയുടെ ഇറക്കുമതിച്ചെലവ് കുത്തനെ ഉയർന്നു. ഒക്ടോബറിൽ ഇന്ത്യയുടെ ക്രൂഡ് ഓയിൽ ഇറക്കുമതി ബിൽ കഴിഞ്ഞ വർഷം ഇതേ മാസത്തെ അപേക്ഷിച്ച് 88 ശതമാനം ഉയർന്ന് 19.5 ബില്യൺ ഡോളറിലെത്തി. കഴിഞ്ഞ വർഷം ഒക്ടോബറിൽ ഇത് 10.4 ബില്യൺ ഡോളറായിരുന്നു.

എണ്ണവിലയിലെ മാറ്റങ്ങളും രാജ്യത്തിന്റെ ക്രൂഡ് ഓയിൽ ആവശ്യകതയും ഇറക്കുമതി ചെലവിനെ സ്വാധീനിക്കുന്ന പ്രധാന ഘടകങ്ങളാണ്. ഇന്ത്യയുടെ ആഭ്യന്തര എണ്ണ ഉൽപ്പാദനം രാജ്യത്തിന്റെ മൊത്തം ആവശ്യകത നിറവേറ്റാൻ പര്യാപ്തമല്ലാത്തതിനാൽ വിദേശ രാജ്യങ്ങളിൽ നിന്നുള്ള എണ്ണ ഇറക്കുമതിയെ വൻതോതിൽ ആശ്രയിക്കേണ്ടതായി വരുന്നു. 14 വർഷത്തിനിടയിലെ ഉയർന്ന വില

അന്താരാഷ്ട്ര വിപണിയിലെ ബ്രെന്റ് ക്രൂഡ് ഓയിലിന്റെ ശരാശരി വില ഒക്ടോബറിൽ ബാരലിന് 123.93 ഡോളറിലെത്തിയിരുന്നു. 2012 മാർച്ചിന് ശേഷമുള്ള ഏറ്റവും ഉയർന്ന പ്രതിമാസ ശരാശരി വിലയാണിത്. 2025 ഒക്ടോബറിൽ ബാരലിന് 64.54 ഡോളറായിരുന്നു വില.

പശ്ചിമേഷ്യയിലെ യുദ്ധസാഹചര്യങ്ങളും, ഹോർമുസ് കടലിടുക്കിലെ ഗതാഗത തടസ്സങ്ങളെക്കുറിച്ചുള്ള ആശങ്കകളും എണ്ണവില ഉയരാൻ കാരണമായി. ക്രൂഡ് വിതരണം തടസ്സപ്പെടുമെന്ന ഭീതിയിൽ എണ്ണ ശുദ്ധീകരണ കമ്പനികൾ കൂടുതൽ ക്രൂഡ് ഓയിൽ വാങ്ങിയതും ഇറക്കുമതി സംബന്ധിച്ച ചെലവ് വർധിപ്പിച്ചു.

എണ്ണവില ഉയർന്നതിനൊപ്പം ഇന്ത്യയുടെ ക്രൂഡ് ഓയിൽ ഇറക്കുമതി അളവിലും വർധനയുണ്ടായി. ഒക്ടോബറിൽ ഇറക്കുമതി അളവ് മുൻവർഷത്തെ അപേക്ഷിച്ച് 11 ശതമാനം ഉയർന്നു. ഏപ്രിൽ മുതൽ സെപ്റ്റംബർ വരെയുള്ള കാലയളവിൽ ഈ വർധന ഒരു ശതമാനം മാത്രമായിരുന്നു.

അതേസമയം, ഒക്ടോബറിൽ ശുദ്ധീകരിച്ച പെട്രോളിയം ഉൽപ്പന്നങ്ങളുടെ ഇറക്കുമതിച്ചെലവ് 12 ശതമാനം കുറഞ്ഞ് 1.5 ബില്യൺ ഡോളറായി. ഇറക്കുമതി അളവിൽ 42 ശതമാനം കുറവുണ്ടായതാണ് ഇതിന് പ്രധാന കാരണം.

ക്രൂഡ് ഓയിൽ ഇറക്കുമതിച്ചെലവ് ഉയർന്നെങ്കിലും, പെട്രോളിയം ഉല്പന്നങ്ങളുടെ കയറ്റുമതിയിൽ ഇന്ത്യക്ക് നേട്ടമുണ്ടായി. ഒക്ടോബറിൽ കയറ്റുമതിയിൽ നിന്നുള്ള വരുമാനം 90 ശതമാനം ഉയർന്ന് 6.3 ബില്യൺ ഡോളറിലെത്തി. കയറ്റുമതി അളവിൽ ആറ് ശതമാനം മാത്രമാണ് വർധനയുണ്ടായത്.

ആഗോള വിപണിയിലെ ഉയർന്ന വില, കയറ്റുമതി വരുമാനം വർധിപ്പിക്കാൻ സഹായിച്ചു. എങ്കിലും ക്രൂഡ് ഓയിൽ ഇറക്കുമതി ചെലവിലെ കുതിപ്പ് ഇന്ത്യയുടെ വിദേശ വ്യാപാരത്തിലും, സമ്പദ്‌വ്യവസ്ഥയിലും സമീപ ഭാവിയിൽ സമ്മർദം സൃഷ്ടിക്കാൻ സാധ്യതകളുണ്ട്.



യുഎസിൽ ഇന്ത്യൻ തുണിത്തരങ്ങൾക്ക് വീണ്ടും ഡിമാൻഡ്

ന്യൂയോർക്ക്: യുഎസിലേക്കുള്ള ഇന്ത്യൻ തുണിത്തര, വസ്ത്ര കയറ്റുമതിയിൽ പ്രതീക്ഷയുടെ വെളിച്ചം. ആദ്യ ഒമ്പത് മാസങ്ങളിൽ ഇന്ത്യയുടെ കയറ്റുമതി 20.6% കുറഞ്ഞ് 6.2 ബില്യൺ ഡോളറിലെത്തിയെങ്കിലും ഇടിവിന്റെ വേഗം കുറയുകയാണ്.

ആദ്യ ആറ് മാസങ്ങളിൽ 23.3% ഇടിവായിരുന്നു. ഇപ്പോൾ അത് 20.6% ആയി. അതായത് ഇന്ത്യൻ ടെക്സ്റ്റൈൽ വ്യവസായം സാവധാനം തിരിച്ചുവരികയാണ്. താരിഫ് കൊടുങ്കാറ്റിനിടയിലും ഇന്ത്യ പിടിച്ചുനിൽക്കുന്നു എന്നതാണ് ഈ കണക്കിന്റെ സന്ദേശം.

അമേരിക്ക ആദ്യ മൂന്ന് പാദങ്ങളിൽ ആകെ 76.4 ബില്യൺ ഡോളറിന്റെ തുണിത്തരങ്ങളും വസ്ത്രങ്ങളും ഇറക്കുമതി ചെയ്തു. ഇതിൽ വിയറ്റ്നാം 14.2 ബില്യൺ ഡോളറുമായി ഒന്നാമത്. ചൈന 11.7 ബില്യൺ ഡോളറുമായി രണ്ടാമത്. ബംഗ്ലാദേശ് 6.3 ബില്യൺ ഡോളറുമായി മൂന്നാമത്.

ഇന്ത്യ 6.2 ബില്യൺ ഡോളറുമായി നാലാമത്. കംബോഡിയ 4.6 ബില്യൺ ഡോളറുമായി അഞ്ചാമത്. യൂറോപ്യൻ യൂണിയൻ 11% വളർച്ചയോടെ 4.5 ബില്യൺ ഡോളറുമായി ആറാമത്. ചൈനയുടെ ഇടിവ് മന്ദഗതിയിലായതും വിയറ്റ്നാം ഒന്നാമതെത്തിയതും അമേരിക്കയുടെ സോഴ്സിംഗ് മാപ്പ് പൂർണ്ണമായും മാറിയതിന്റെ തെളിവാണ്.

ആസിയാൻ മേഖലയിൽ നിന്നുള്ള കയറ്റുമതി 2.5% വർധിച്ച് 24.8 ബില്യൺ ഡോളറായി. എന്നാൽ ഇന്ത്യയുടെ കഥ വ്യത്യസ്തമാണ്. ഇടിവ് കുറയുന്നത് ഭാവി ഓർഡറുകളിൽ ഇന്ത്യയ്ക്ക് വലിയ അവസരം തുറക്കും. അമേരിക്കൻ ബയർമാർ ഇപ്പോൾ ചൈനയെ മാത്രം ആശ്രയിക്കുന്നില്ല. പുതിയ സപ്ലയർമാരെ തേടുകയാണ്. ആ അവസരം പിടിക്കാൻ ഇന്ത്യയ്ക്ക് കഴിയുമോ എന്നതാണ് ഇനിയുള്ള ചോദ്യം.

2025ൽ അമേരിക്കയുടെ തുണിത്തര, വസ്ത്ര ഇറക്കുമതി 104 ബില്യൺ ഡോളറായിരുന്നു. 2024ലെ 107 ബില്യൺ ഡോളറിൽ നിന്ന് 3.3% കുറവ്. താരിഫ് സമ്മർദങ്ങൾക്കിടയിലും വിപണി പൂർണമായി തകരാതെ പിടിച്ചുനിന്നു. ഇത് ഇന്ത്യയുൾപ്പെടെയുള്ള പ്രധാന വിതരണക്കാർക്ക് പുതിയ അവസരങ്ങൾ സൃഷ്ടിക്കും.

വർഷത്തിന്റെ അവസാന പാദങ്ങളിൽ ഇന്ത്യയുടെ പുരോഗതി കൂടുതൽ ശക്തമാകുമെന്നാണ് വ്യാപാര വിദഗ്ധരുടെ പ്രതീക്ഷ. ഇടിവ് കുറയുന്നു, പ്രതീക്ഷ കൂടുന്നു, അതാണ് ഇന്ത്യൻ ടെക്സ്റ്റൈലിനുള്ള പുതിയ സന്ദേശം.



എൽപിജി ഇറക്കുമതി കുതിച്ചുയരുമെന്ന് മുന്നറിയിപ്പ്

ന്യൂദൽഹി: 2035 ആകുമ്പോഴേക്കും ഇന്ത്യയുടെ പാചകവാതക ആവശ്യത്തിന്റെ വലിയൊരു പങ്കും ഇറക്കുമതിയെ ആശ്രയിച്ചായിരിക്കുമെന്ന് ആശ്രയിക്കേണ്ടിവരുമെന്ന് ഇന്റർനാഷണൽ എനർജി ഏജൻസി(ഐഇഎ).

നിലവിൽ രാജ്യത്ത് ഉപയോഗിക്കുന്ന പാചകവാതകത്തിന്റെ 60 ശതമാനവും ഇറക്കുമതി ചെയ്യുന്നതാണ്. ആഭ്യന്തര ഉത്പാദനം 40 ശതമാനം മാത്രമാണ്. ഗ്യാസ് ഉപഭോഗം വർധിക്കുന്ന സാഹചര്യത്തിൽ 2035ഓടെ ഇറക്കുമതി പ്രതിദിനം 10 ലക്ഷം ബാരലിലെത്തുമെന്നാണ് വിലയിരുത്തൽ. ഇത് രാജ്യത്തിന്റെ ഊർജസുരക്ഷയ്ക്ക് വലിയ വെല്ലുവിളിയാകുമെന്നാണ് ആശങ്ക.

ഇറക്കുമതിയെ അമിതമായി ആശ്രയിക്കുന്നതിന്റെ അപകടം പശ്ചിമേഷ്യൻ സംഘർഷം ഇന്ത്യയ്ക്ക് ബോധ്യപ്പെടുത്തിയിരുന്നു. ഹോർമുസ് കടലിടുക്കിലൂടെയുള്ള കപ്പൽ ഗതാഗതം തടസ്സപ്പെട്ടതോടെ രാജ്യത്തേക്കുള്ള പാചകവാതക ഇറക്കുമതി പകുതിയോളം കുറഞ്ഞു.

പ്രതിസന്ധി മറികടക്കാൻ ആഭ്യന്തര ഉത്പാദനം വർധിപ്പിക്കുകയും ലഭ്യമായ വാതകം ആദ്യം ഗാർഹിക ആവശ്യങ്ങൾക്ക് നൽകുകയും ചെയ്താണ് സർക്കാർ സാഹചര്യം നിയന്ത്രിച്ചത്. ആഗോള സംഘർഷങ്ങളും കടൽഗതാഗതത്തിലെ തടസ്സങ്ങളും ഇന്ത്യയുടെ അടുക്കളകളെ നേരിട്ട് ബാധിക്കാമെന്നതിന്റെ വ്യക്തമായ സൂചനയായിരുന്നു ഇത്.

ആഭ്യന്തര ഉത്പാദനം വർധിപ്പിച്ച് ഇറക്കുമതി ആശ്രിതത്വം കുറയ്ക്കുന്നതും എളുപ്പമല്ല. 2035ഓടെ പാചകവാതകത്തിന്റെ ആവശ്യകത പ്രതിദിനം നാല് ലക്ഷം ബാരൽ കൂടി വർധിക്കുമെന്നാണ് കണക്കുകൂട്ടൽ. എന്നാൽ ആഭ്യന്തര ഉത്പാദനത്തിലെ വർധന ഒരു ലക്ഷം ബാരലിൽ താഴെയായിരിക്കുമെന്നാണ് വിലയിരുത്തൽ.

അസംസ്കൃത എണ്ണയിൽനിന്ന് പെട്രോളും ഡീസലും ഉത്പാദിപ്പിക്കുന്നതിന് കൂടുതൽ സാമ്പത്തിക നേട്ടമുള്ളതിനാൽ കമ്പനികൾ പാചകവാതക ഉത്പാദനത്തിന് മുൻഗണന നൽകാൻ താൽപര്യം കാണിക്കുന്നില്ലെന്നതും വെല്ലുവിളിയാണ്.

പൈപ്പ് വഴിയുള്ള പ്രകൃതിവാതക ഉപയോഗവും വൈദ്യുത പാചക സംവിധാനങ്ങളും വ്യാപിപ്പിക്കുന്നതാണ് ഇറക്കുമതി ആശ്രിതത്വം കുറയ്ക്കാനുള്ള പ്രധാന മാർഗങ്ങളായി ചൂണ്ടിക്കാണിക്കപ്പെടുന്നത്. നിലവിൽ 1.7 കോടി വീടുകളിൽ പൈപ്പ് വഴിയുള്ള ഗ്യാസ് ലഭ്യമാണ്. ഈ സംവിധാനം കൂടുതൽ വ്യാപിപ്പിച്ചാൽ 2035ഓടെ പാചകവാതക ഇറക്കുമതി പ്രതിദിനം 7.5 ലക്ഷം ബാരലായി പരിമിതപ്പെടുത്താനാകുമെന്നാണ് പ്രതീക്ഷ.



കൊച്ചി അമൃത ആശുപത്രിയിൽ നടന്ന ഫിസിയോളജിസ്റ്റുകളുടെയും ഫാർമക്കോളജിസ്റ്റുകളുടെയും ഇന്ത്യൻ അസോസിയേഷന്റെ ദേശീയ സമ്മേളനമായ അപ്പികോൺ 2026 കേരള ഹൈക്കോടതി ജഡ്ജി ജസ്റ്റിസ് ദേവൻ രാമചന്ദ്രൻ ഉദ്ഘാടനം ചെയ്യുന്നു.

മനസും ശരീരവും ആരോഗ്യവും തമ്മിലെ ബന്ധം പഠിക്കാൻ ആഗോള വിദഗ്ധർ

അപ്പികോൺ അമൃതയിൽ സമാപിച്ചു

കൊച്ചി: ഫിസിയോളജി, ഫാർമക്കോളജി മേഖലകളിലെ നൂതന ശാസ്ത്രീയ മുന്നേറ്റങ്ങളും മനസും ശരീരവും തമ്മിലുള്ള സങ്കീർണ ബന്ധങ്ങളും ചർച്ച ചെയ്യുന്നതിനായി ഇന്ത്യയിലും വിദേശത്തുമുള്ള പ്രമുഖ ശാസ്ത്രജ്ഞരും ഗവേഷകരും മെഡിക്കൽ വിദഗ്ധരും കൊച്ചി അമൃതയിൽ ഒത്തുചേർന്നു. ഫിസിയോളജിസ്റ്റുകളുടെയും ഫാർമക്കോളജിസ്റ്റുകളുടെയും ഇന്ത്യൻ അസോസിയേഷന്റെ ദേശീയ സമ്മേളനമായ അപ്പികോൺ 2026 അമൃത ആശുപത്രിയിൽ നടന്നു. 'ശാന്തിയുടെ ഉച്ചകോടി: മനസ്സുകൾ തമ്മിലെ ആശയബന്ധം' എന്ന പ്രമേയത്തിൽ നവംബർ 18 മുതൽ 20 വരെ നടന്ന സമ്മേളനം മനസ്, ശരീരം, വൈദ്യശാസ്ത്രം എന്നിവയുടെ പരസ്പര ബന്ധവും ആരോഗ്യ ശാസ്ത്ര രംഗത്തെ നൂതന മുന്നേറ്റങ്ങളും ചർച്ച ചെയ്യുന്നതിനുള്ള വേദിയായി.

കേരള ഹൈക്കോടതി ജഡ്ജി ജസ്റ്റിസ് ദേവൻ രാമചന്ദ്രൻ മുഖ്യാതിഥിയായും കേരള ആരോഗ്യ സർവകലാശാല വൈസ് ചാൻസലർ ഡോ. മോഹനൻ കുന്നുമ്മൽ വിശിഷ്ടാതിഥിയായും പങ്കെടുത്തു. മാതാ അമൃതാനന്ദമയി മഠം വൈസ് ചെയർമാൻ സ്വാമി അമൃതസ്വരൂപാനന്ദപുരി ഓൺലൈനിലൂടെ അനുഗ്രഹ പ്രഭാഷണം നടത്തി. സ്വാമിനി ഗുരുപ്രിയാമൃതപ്രാണയുടെ അനുഗ്രഹ പ്രാർഥനയോടെ ചടങ്ങുകൾ ആരംഭിച്ചു. അമൃത ആശുപത്രി സീനിയർ മെഡിക്കൽ അഡ്മിനിസ്ട്രേറ്റർ ഡോ. പി. പ്രതാപൻ നായർ, അഡ്മിനിസ്ട്രേറ്റർ ഡോ. രഹ്ന എന്നിവർ ചടങ്ങിൽ സന്നിഹിതരായി. സംഘാടക സമിതി അധ്യക്ഷ ഡോ. പ്രിൻസി ലൂയിസ് പാലാട്ടി സ്വാഗതം പറഞ്ഞു. ഡോ. സുജ ഗോപാലകൃഷ്ണൻ സമ്മേളന റിപ്പോർട്ട് അവതരിപ്പിച്ചു. അങ്കമാലി ചാപ്റ്റർ പ്രസിഡന്റ് ഡോ. മുക്കാടൻ, എമറിറ്റസ് പ്രൊഫസർ ഡോ. പി.ജി. നായർ എന്നിവരെ ആദരിച്ചു. സംഘാടക സെക്രട്ടറി ഡോ. വന്ദന ബാലകൃഷ്ണൻ നന്ദി പറഞ്ഞു. സുവനീർ പ്രകാശനത്തിന് ഡോ. മമത ജെ. നേതൃത്വം നൽകി.

ന്യൂറോഫിസിയോളജി, ന്യൂറോഫാർമക്കോളജി, മാനസികാരോഗ്യത്തിലെ നൂതന ചികിത്സാ സാധ്യതകൾ, മൈൻഡ്-ബോഡി ഇടപെടലുകൾ, ഇന്റഗ്രേറ്റീവ് മെഡിസിൻ, ബ്രെയിൻ-മെഷീൻ ഇന്റർഫേസ്, ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, ന്യൂറോപ്ലാസ്റ്റിസിറ്റി, മാനസിക സമ്മർദത്തെ അതിജീവിക്കാനുള്ള ബയോമാർക്കറുകൾ, ന്യൂറോ ഇൻഫ്ലമേഷൻ, ന്യൂറോഡിജനറേറ്റീവ് രോഗങ്ങളിലെ വൈകാരിക ഘടകങ്ങൾ തുടങ്ങിയ വിഷയങ്ങളിലാണ് ശാസ്ത്രീയ സെഷനുകൾ നടന്നത്. സിംഗപ്പൂർ നാഷണൽ യൂണിവേഴ്സിറ്റിയിലെ ഡോ. സജി ശ്രീധരൻ ഉൾപ്പെടെയുള്ള അന്താരാഷ്ട്ര വിദഗ്ധരും പ്രമുഖ ന്യൂറോളജിസ്റ്റ് ഡോ. ആനന്ദ് കുമാർ, മൈൻഡ് ബ്രെയിൻ സെന്റർ ഡയറക്ടർ ഡോ. ശ്യാം ദിവാകർ, എയിംസ് ഡൽഹിയിലെ പ്രൊഫ. ഡോ. രാജീവ് കുമാർ യാദവ് തുടങ്ങിയവരും പ്രഭാഷണങ്ങൾക്ക് നേതൃത്വം നൽകി. 2026ലെ ഫിസിയോളജി / മെഡിസിൻ നൊബേൽ സമ്മാനത്തിന് ആധാരമായ ചാനൽറോഡോപ്സിൻ ഗവേഷണവുമായി ബന്ധപ്പെട്ട പഠനങ്ങളുടെ സഹരചയിതാവും ജവഹർ ലാൽ നെഹ്റു സർവകലാശാലയിലെ സ്കൂൾ ഓഫ് ബയോടെക്നോളജി പ്രൊഫസറുമായ ഡോ. സുനീൽ കറ്റേരിയയുടെ പങ്കാളിത്തവും സമ്മേളനത്തിന് പ്രത്യേക ശ്രദ്ധ നൽകി.

പ്രീ കോൺഫറൻസ് ശില്പശാലകൾ, സിംപോസിയങ്ങൾ, പ്രഭാഷണങ്ങൾ, പാനൽ ചർച്ചകൾ, ഗവേഷണ പ്രബന്ധപോസ്റ്റർ അവതരണങ്ങൾ എന്നിവയും സമ്മേളനത്തിന്റെ ഭാഗമായിരുന്നു. ഫിസിയോളജിയും ഫാർമക്കോളജിയും സമകാലിക മെഡിക്കൽ വിദ്യാഭ്യാസത്തിലും ആരോഗ്യപരിചരണത്തിലും കൂടുതൽ പ്രസക്തമാക്കുന്നതിനൊപ്പം ഗവേഷണ സഹകരണവും യുവ ശാസ്ത്രജ്ഞരുടെ വളർച്ചയും പ്രോത്സാഹിപ്പിക്കുകയാണ് സമ്മേളനത്തിന്റെ ലക്ഷ്യം.

ഭരണഘടന, പാർലമെന്റ്, സാമൂഹികനീതി: ഏകദിന ശില്പശാല കുസാറ്റിൽ സംഘടിപ്പിക്കുന്നു

കൊച്ചി: ഭരണഘടനാ ദിനാചരണത്തിന്റെ ഭാഗമായി, കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാലയിലെ സ്കൂൾ ഓഫ് ലീഗൽ സ്റ്റഡീസ്, ജസ്റ്റിസ് വി.ആർ. കൃഷ്ണയ്യർ ചെയർ ഓൺ ഹ്യൂമൻ റൈറ്റ്സിന്റെ ആഭിമുഖ്യത്തിൽ 'ഭരണഘടന, പാർലമെന്റ്, സാമൂഹികനീതി: ഇന്ത്യൻ പാർലമെന്ററി ജനാധിപത്യത്തിന്റെ അടിസ്ഥാന തത്വങ്ങളിലേക്കൊരു പുനർവായന' എന്ന വിഷയത്തിൽ ഏകദിന ശില്പശാല സംഘടിപ്പിക്കുന്നു. കേരള സർക്കാരിന്റെ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പാർലമെന്ററി അഫയേഴ്സിന്റെ സഹകരണത്തോടെ 2026 നവംബർ 24 ന് കുസാറ്റ് സെമിനാർ കോംപ്ലക്സിലെ മിനി സെമിനാർ ഹാളിലാണ് ശില്പശാല നടക്കുന്നത്.

ഇന്ത്യൻ ഭരണഘടന മുന്നോട്ടുവയ്ക്കുന്ന നീതി, സ്വാതന്ത്ര്യം, സമത്വം, സാഹോദര്യം എന്നീ അടിസ്ഥാന മൂല്യങ്ങളെയും പാർലമെന്ററി ജനാധിപത്യത്തിന്റെ സ്ഥാപക തത്വങ്ങളെയും സമകാലിക സാഹചര്യത്തിൽ വിശകലനം ചെയ്യുകയും സാമൂഹികനീതിയുടെ പ്രാധാന്യം ചർച്ച ചെയ്യുകയുമാണ് ശിൽപശാലയുടെ ലക്ഷ്യം.

നിയമവിദഗ്ധർ, ജനപ്രതിനിധികൾ, അക്കാദമിക വിദഗ്ധർ, വിദ്യാർത്ഥികൾ എന്നിവർക്ക് ഭരണഘടനാ മൂല്യങ്ങളെയും പാർലമെന്ററി ജനാധിപത്യത്തെയും കുറിച്ച് സംവദിക്കാനുള്ള വേദിയായിരിക്കും പരിപാടി.

കേരള നിയമസഭാ സ്പീക്കർ ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ശില്പശാല ഉദ്ഘാടനം ചെയ്യും. കുസാറ്റ് വൈസ് ചാൻസലർ പ്രൊഫ. (ഡോ.) എം. ജുനൈദ് ബുഷിരി അധ്യക്ഷത വഹിക്കും. കേരള നിയമസഭാ ഡെപ്യൂട്ടി സ്പീക്കർ ശ്രീമതി. ഷാനിമോൾ ഉസ്മാൻ സമാപന സമ്മേളനത്തിൽ വാലിഡിക്ടറി പ്രഭാഷണം നടത്തും.

ഡയറക്ടർ ജനറൽ ഡോ. ജുവൽ ജോൺ അലാപ്പാട്ട് പ്രത്യേക പ്രഭാഷണം നടത്തും.

സുപ്രീം കോടതി സീനിയർ അഭിഭാഷകൻ അഡ്വ. കാലേശ്വരം രാജ്, മുൻ കേരള മന്ത്രിയും അഭിഭാഷകനുമായ അഡ്വ. പി. രാജീവ്, കേരള ഹൈക്കോടതിയിലെ സീനിയർ അഭിഭാഷകൻ അഡ്വ. എം.ആർ. ഹരിരാജ് എന്നിവർ വിവിധ സാങ്കേതിക സെഷനുകളിൽ വിഷയാവതരണം നടത്തും. കൂടാതെ വിദ്യാർത്ഥികൾക്കായി ഭരണഘടനാ ദിന ക്വിസ് മത്സരവും സംഘടിപ്പിക്കുന്നുണ്ട്.

ഗുണമേന്മയുള്ള വിദ്യാഭ്യാസം, അസമത്വങ്ങൾ കുറയ്ക്കൽ, സമാധാനം, നീതി, ശക്തമായ സ്ഥാപനങ്ങൾ, ലക്ഷ്യങ്ങൾക്കായുള്ള പങ്കാളിത്തം എന്നീ ഐക്യരാഷ്ട്രസഭയുടെ സുസ്ഥിര വികസന ലക്ഷ്യങ്ങളുമായി ചേർന്നുനിൽക്കുന്ന പ്രവർത്തനമായാണ് ശില്പശാല സംഘടിപ്പിക്കുന്നത്.

പരിപാടിയുടെ കോർഡിനേറ്റർമാരായി ജസ്റ്റിസ് വി.ആർ. കൃഷ്ണയ്യർ ചെയർ ഓൺ ഹ്യൂമൻ റൈറ്റ്സിന്റെ കോർഡിനേറ്ററും സ്കൂൾ ഓഫ് ലീഗൽ സ്റ്റഡീസിലെ അസോസിയേറ്റ് പ്രൊഫസറുമായ ഡോ. അനീഷ് വി. പിള്ളയും സ്കൂൾ ഓഫ് ലീഗൽ സ്റ്റഡീസിലെ അസോസിയേറ്റ് പ്രൊഫസർ ഡോ. സീമ പി.എസ്.യും പ്രവർത്തിക്കുന്നു.

വ്യവസായഅക്കാദമിക സഹകരണം ശക്തിപ്പെടുത്താൻ കുസാറ്റിന് പിന്തുണയുമായി കോൺഫെഡറേഷൻ ഓഫ് ഇന്ത്യൻ ഇൻഡസ്ട്രി പ്രതിനിധികൾ

കൊച്ചി: വ്യവസായഅക്കാദമിക സഹകരണം ശക്തിപ്പെടുത്തുന്നതിനുള്ള വിവിധ പദ്ധതികൾ ചർച്ച ചെയ്യുന്നതിനായി കോൺഫെഡറേഷൻ ഓഫ് ഇന്ത്യൻ ഇൻഡസ്ട്രിയുടെ പ്രതിനിധി സംഘം വ്യാഴാഴ്ച കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാല വൈസ് ചാൻസലർ പ്രൊഫ. (ഡോ.) എം. ജുനൈദ് ബുഷിരിയെ സന്ദർശിച്ചു. ഫ്ലെക്സിബിൾ സിലബസ് നടപ്പിലാക്കുന്നതിനും ഇന്റേൺഷിപ്പ് അധിഷ്ഠിത പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനും സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭങ്ങൾ കേന്ദ്രീകരിച്ച് ഇന്റേൺഷിപ്പ് അവസരങ്ങൾ ഒരുക്കുന്നതിനും സി.ഐ.ഐ. പിന്തുണ വാഗ്ദാനം ചെയ്തു.

വ്യവസായ മേഖലയിലെ ആവശ്യങ്ങൾക്കനുസൃതമായി വ്യവസായഅക്കാദമിക ഫ്ലെക്സിബിൾ കലണ്ടർ തയ്യാറാക്കുന്നതും വിദ്യാഭ്യാസ സ്ഥാപനങ്ങളും വ്യവസായ മേഖലയും തമ്മിലുള്ള സഹകരണം കൂടുതൽ ശക്തിപ്പെടുത്തുന്നതും ചർച്ച ചെയ്തു. ഇതിന്റെ ഭാഗമായി കുസാറ്റുമായി ധാരണാപത്രം (എം.ഒ.യു.) ഒപ്പുവയ്ക്കുന്നതിനും കുസാറ്റും മറ്റ് വിദ്യാഭ്യാസ സ്ഥാപനങ്ങളും ഉൾപ്പെടുന്ന മെഗാ ലോഞ്ച് പരിപാടി സംഘടിപ്പിക്കുന്നതിനും സി.ഐ.ഐ. പ്രതിനിധി സംഘം പിന്തുണ ഉറപ്പുനൽകി.

സി.ഐ.ഐ. എക്സിക്യൂട്ടീവ് ഡയറക്ടർ ഡോ. ബിനോയ് ജോബ്, ഡെപ്യൂട്ടി ഡയറക്ടർ ജനറൽ സുജിത് ഹരിദാസ് എന്നിവരായിരുന്നു പ്രതിനിധി സംഘത്തിലുണ്ടായിരുന്നത്. കുസാറ്റ് രജിസ്ട്രാർ പ്രൊഫ. (ഡോ.) ഹരിഗോവിന്ദ് പി. സി., സിൻഡിക്കേറ്റ് അംഗങ്ങളായ ഡോ. പ്രവീൺ സി. എസ്., ഡോ. ശ്രീജിത്ത് പി. എസ്., ഡോ. രഞ്ജിത്ത് വി. ആർ., സ്കൂൾ ഓഫ് മാനേജ്മെന്റ് സ്റ്റഡീസ് (എസ്.എം.എസ്.) ഡയറക്ടർ ഡോ. സാം തോമസ്, അസിസ്റ്റന്റ് പ്രൊഫസർ ഡോ. മനു മെൽവിൻ ജോയ്, ഫിസിക്സ് വകുപ്പ് പ്രൊഫസർ ഡോ. അനൂപ് കെ. കെ., എൻജിനീയറിങ് ഫാക്കൽറ്റി ഡീൻ ഡോ. സെന്തിൽ പ്രകാശ് എന്നിവരും ചർച്ചയിൽ പങ്കെടുത്തു.

സൊസൈറ്റി ടുഡേ SOCIETY TODAY



തിരുനാവായ മഹാമാഘ മഹോത്സവം: ഭിന്നിപ്പില്ലെന്നും മാർഗ്ഗദർശക മണ്ഡലത്തിനൊപ്പമാണെന്നും വിഎച്ച്പി

കൊച്ചി: തിരുനാവായയിൽ 2027 ജനുവരിയിൽ നടക്കാനിരിക്കുന്ന മഹാമാഘ മഹോത്സവത്തിന്റെ സംഘാടനവുമായി ബന്ധപ്പെട്ട് സംന്യാസി സമൂഹത്തിലും ഹൈന്ദവ പ്രസ്ഥാനങ്ങളിലും ഭിന്നിപ്പുണ്ടെന്ന തരത്തിലുള്ള പ്രചാരണങ്ങൾ വിശ്വഹിന്ദു പരിഷത്ത് (വിഎച്ച്പി) കേരള ഘടകം തള്ളി. കൊച്ചിയിൽ സംഘടിപ്പിച്ച വാർത്താസമ്മേളനത്തിൽ സംസ്ഥാന അധ്യക്ഷൻ കെ.സി. നരേന്ദ്രൻ, ജനറൽ സെക്രട്ടറി അഡ്വ. അനിൽ വിളയിൽ, ട്രഷറർ കെ. വി രാജേഷ് എന്നിവരാണ് സംഘടനയുടെ നിലപാട് വ്യക്തമാക്കിയത്.

വിഎച്ച്പിയുടെ ഗുരുസ്ഥാനത്ത് നിൽക്കുന്ന സംന്യാസി ശ്രേഷ്ഠന്മാരുടെ കൂട്ടായ്മയായ 'മാർഗ്ഗദർശക മണ്ഡലത്തിന്റെ' നിർദ്ദേശങ്ങൾക്കനുസരിച്ചായിരിക്കും സംഘടനയും മറ്റ് സംഘപരിവാർ പ്രസ്ഥാനങ്ങളും പ്രവർത്തിക്കുകയെന്ന് നേതാക്കൾ അറിയിച്ചു. സ്വാമി ചിദാനന്ദപുരി അധ്യക്ഷനും സ്വാമി സത്സ്വരൂപാനന്ദ ജനറൽ സെക്രട്ടറിയുമായ കേരള മാർഗ്ഗദർശക മണ്ഡലത്തിന്റെ നേതൃത്വത്തിൽ നടക്കുന്ന പരിപാടികൾക്ക് വിഎച്ച്പിയുടെ പൂർണ്ണ പിന്തുണയും സഹായവും ഉണ്ടാകും. എന്നാൽ സ്ഥലം സമയം ആചാര പദ്ധതികൾ എന്നിവ തീരുമാനിക്കുന്നതും നടപ്പാക്കുന്നതും സ്വാഗത സംഘമായിരിക്കും. അതേസമയം, മഹാമണ്ഡലേശ്വർ സ്വാമി ആനന്ദവനം ഭാരതിക്കെതിരെ യാതൊരു എതിർപ്പുമില്ലെന്ന് വിഎച്ച്പി വ്യക്തമാക്കി. അദ്ദേഹം കേരളത്തിലെ ആരാധ്യനായ സന്യാസി ശ്രേഷ്ഠനാണെന്നും ജുന അഖാഡയും അതിന്റെ നേതൃസ്ഥാനത്തിരിക്കുന്നവരും കേന്ദ്ര മാർഗ്ഗദർശക മണ്ഡലത്തിന്റെ ഭാഗമാണെന്നും നേതൃത്വം ചൂണ്ടിക്കാട്ടി. തൃശ്ശൂർ പൂരത്തിന് പല ചെറുപൂരങ്ങൾ ഒന്നിച്ചുചേരുന്നത് പോലെ, നിളാ തീരത്ത് വ്യത്യസ്ത ആചാരപദ്ധതികളോടെ ഉത്സവങ്ങൾ നടക്കുന്നതിൽ തെറ്റില്ല. കഴിഞ്ഞ വർഷവും ഇത്തരത്തിൽ രണ്ടിടങ്ങളിലായി പരിപാടികൾ നടന്നിരുന്നു. ഹൈന്ദവ ഉയർച്ചക്കു വേണ്ടി ചെയ്യുന്ന പ്രവർത്തനങ്ങൾക്ക് ആവശ്യമായ സഹായമോ സേവന പ്രവർത്തനങ്ങളോ ആര് ആവശ്യപ്പെട്ടാലും അത് ചെയ്തു നൽകാൻ വിഎച്ച്പി പ്രവർത്തകർ തയ്യാറാണ്. രാഷ്ട്രീയത്തിലെ ഗ്രൂപ്പ് വഴക്ക് പോലെയുള്ള പുറത്താക്കലുകളോ ഭിന്നിപ്പോ സംന്യാസി സമൂഹത്തിലില്ലെന്നും നേതാക്കൾ പറഞ്ഞു.

സംന്യാസിമാരെയും സംഘപരിവാർ നേതൃത്വത്തെയും സമൂഹത്തിന് മുന്നിൽ അവഹേളിക്കാനും ഭിന്നിപ്പുണ്ടെന്ന് വരുത്തിത്തീർക്കാനും ചില അജ്ഞാത കേന്ദ്രങ്ങളിൽ നിന്ന് ഡിജിറ്റൽ പോസ്റ്ററുകളിലൂടെയും നവമാധ്യമങ്ങളിലൂടെയും ബോധപൂർവ്വമായ ശ്രമങ്ങൾ നടക്കുന്നുണ്ടെന്നും വിഎച്ച്പി ആരോപിച്ചു. മഹാമാഘ മഹോത്സവം ആരംഭിക്കുന്നതിന് മുന്നോടിയായി എല്ലാവരെയും ഒന്നിപ്പിച്ചുകൊണ്ട് മുന്നോട്ട് പോകാനുള്ള ശ്രമങ്ങൾ ഇനിയും തുടരുമെന്നും ഭാരവാഹികൾ വ്യക്തമാക്കി.

സാങ്കേതിക സർവകലാശാല കായിക മേളയിൽ ഫിസാറ്റ് മുന്നേറ്റം തുടരുന്നു

അങ്കമാലി: സാങ്കേതിക സർവകലാശാല ഇന്റർ സോൺ കായിക മേളയിൽ നിരവധി മത്സരങ്ങളിൽ വിജയാധിപത്യം സ്ഥാപിച്ചു അങ്കമാലി ഫിസാറ്റ് എഞ്ചിനീയറിംഗ് കോളേജ് മുന്നേറ്റം തുടരുന്നു വനിതകളുടെ വിഭാഗത്തിൽ ഫുട്ട് ബോളിലും വടം വലിയിലും യൂണിവേഴ്സിറ്റി ചാമ്പ്യന്മാരായതു കൂടാതെ പുരുഷന്മാരുടെ വിഭാഗത്തിൽ ക്രിക്കറ്റ്, ഫുടബോൾ, ടേബിൾ ടെന്നീസ് തുടങ്ങിയ മത്സരങ്ങളിലും ജേതാക്കളായി വിജയക്കൊടി പാറിച്ചിരിക്കുകയാണ് ഫിസാറ്റ്. പുരുഷന്മാരുടെ വിഭാഗത്തിൽ നടന്ന ഡി സോൺ ഹാൻഡ്ബോൾ മത്സരത്തിൽ ജേതാക്കളായ ഫിസാറ്റ് ടീം തൃക്കാക്കര മോഡൽ എഞ്ചിനീയറിംഗ് കോളേജിനെയാണ് പരാജയപ്പെടുത്തിയത്.

വനിതകളുടെ ഫുടബോൾ ഫൈനൽ മത്സരത്തിൽ പാലക്കാട് എൻ എസ് എസ് എഞ്ചിനീയറിംഗ് കോളേജിനെ മുന്ന് ഗോളിനാണ് തോല്പിച്ചത്. പുരുഷന്മാരുടെ വിഭാഗത്തിൽ നടന്ന ക്രിക്കറ്റ് മത്സരത്തിൽ മുത്തൂറ്റ് കോളേജ് ഓഫ് എഞ്ചിനീറിങ്ങിനെയാണ് പരാജയപ്പെടുത്തിയത് ആദ്യ ബാറ്റിങ്ങിൽ ഇരുപത് ഓവറിൽ ഫിസാറ്റ് 140 റൺസ് എടുത്തപ്പോൾ 133 റൺസിന് മുത്തൂറ്റ് കോളേജ് ഓഫ് എഞ്ചിനീയറിംഗ് ഓൾ ഔട്ട് ആകുകയായിരുന്നു. വനിതകളുടെ വടം വലി മത്സരത്തിൽ പാരിപ്പള്ളി യൂ കെ എഫ് കോളേജ് ഓഫ് എഞ്ചിനീറിംഗിനെ തോൽപിച്ചാണ് ഫിസാറ്റ് വനിതകൾ വിജയത്തിന്റെ വെന്നിക്കൊടി പാറിച്ചത്. പുരുഷന്മാരുടെ ഫുട്ബോൾ മത്സരത്തിൽ മുക്കം കെ എം സി ടി ഇ എഞ്ചിനീയറിംഗ് കോളേജിനെ പരാജയപ്പെടുത്തിയാണ് ഫിസാറ്റ് വിജയിച്ചത്.

കൂടാതെ വനിതകളുടെ വോളി ബോൾ മത്സരത്തിൽ ഫസ്റ്റ് റണ്ണർ അപ്പ് ട്രോഫിയും, പുരുഷന്മാരുടെ വിഭാഗത്തിൽ വോളി ബോളിലും ബാസ്കറ്റ് ബോളിലും സെക്കൻഡ് റണ്ണർ അപ്പ് പൊസിഷനും ഫിസാറ്റ് സ്വന്തമാക്കി. ഫിസാറ്റിന്റെ കായിക മുന്നേറ്റത്തിന് പിന്നിൽ നൂതനമായി വികസിപ്പിച്ച അന്തർദേശിയ ക്രിക്കറ്റ്, ഫുട്ബോൾ ഗ്രൗണ്ടുകളും രാജ്യാന്തര നിലവാരത്തിലുള്ള നൂതന പരിശീലന സംവിധാനങ്ങളും, വിദ്യാർത്ഥി സമൂഹത്തിന്റെ കായിക മേഖലകളിൽ ഉള്ള ഭാവി ലക്ഷ്യം വച്ചുള്ള പ്രവർത്തങ്ങളും ഏറെ ഗുണകരമായെന്ന് ഫിസാറ്റ് ചെയർമാൻ പി ആർ ഷിമിത്ത് പറഞ്ഞു.

വിവിധ മത്സരങ്ങളിൽ ജേതാക്കളായ ഫിസാറ്റ് വിദ്യാർത്ഥികളെ യൂണിവേഴ്സിറ്റി ടീമിലേക്കു തിരഞ്ഞെടുത്തിട്ടുണ്ട്. ബാസ്ക്കറ്റ് ബോളിൽ എം ബി എ വിദ്യാർത്ഥികളായ ജസ്റ്റിൻ വർഗീസ്, സൂരജ് ജെ എന്നിവരേയെയും, വോളിബോളിൽ സിവിൽ എഞ്ചിനീയറിംഗ് വിഭാഗത്തിൽ നിന്നും അജുൽ അജി, അഗ്നിവേശ്, ഇലെക്ട്രിക്കൽ വിഭാഗത്തിൽ നിന്ന് മുഹമ്മദ് റീനീം തുടങ്ങിയവരും, ടേബിൾ ടെന്നിസിൽ ഹൃഷികേശ് ഗിരീഷും ക്രിക്കറ്റിൽ ശ്രയസ് സുധീർ, അഡ്വൈത് സജിത്ത്, സി എസ് ഷാനു, ആശിഷ് എം ക്രിസ്റ്റഫർ, വി എം അജയ് നാരായൺ, ഫുട്!ബോളിൽ ഷെഫിൻ ഷറഫ്, ഗൗതം കൃഷണ, ആദം സലിം, മുഹമ്മദ് ഷാൻ എന്നിവരും തിരഞ്ഞെടുക്കപ്പെട്ടു. വനിതാ വിഭാഗത്തിൽ വോളിബോളിൽ അധീന രാജ്, ശ്രിയ പി സതീഷ്, കെ എസ് സംഗീത, എം വൈശാലി, മീനാക്ഷി തീർത്ഥ, ബാസ്ക്കറ്റ് ബോളിൽ പി. ദേവനന്ദ തുടങ്ങിവരും ഫുട്ബോൾ മത്സരത്തിൽ എസ് അർച്ചന, റോണാ എം റിജി, വൈഗാ ലക്ഷ്മി, ഹന്നാ പൗലോസ്, കെ എസ് സംഗീത, എസ് ഹീരാ, എസ് ഹിത, പി അരുണിമ തുടങ്ങിയവരും യൂണിവേഴ്സിറ്റി ടീമിലേക്ക് തിരഞ്ഞെടുക്കപ്പെട്ടു. മത്സരത്തിൽ വിജയിയായ വിദ്യാർത്ഥികളെ ചെയർമാൻ പി ആർ ഷിമിത്ത്, പ്രിൻസിപ്പൽ ഡോ ജേക്കബ് തോമസ്, ഫിസിക്കൽ എഡ്യൂക്കേഷൻ വിഭാഗം കോ ഓർഡിനേറ്റർ അമൽ ടി ദേവ് എന്നിവരുടെ നേതൃത്വത്തിൽ അധ്യാപകരും വിദ്യാർത്ഥികളും ചേർന്ന് അഭിനന്ദിച്ചു.

സംസ്കൃത സർവകലാശാല: ക്രിക്കറ്റ് ടീം സെലക്ഷൻ 28ന്

കൊച്ചി: സൗത്ത് സോൺ ഇന്റർ യൂണിവേഴ്സിറ്റി ക്രിക്കറ്റ് ചാമ്പ്യൻഷിപ്പിൽ പങ്കെടുക്കുന്നതിന് മുന്നോടിയായി ശ്രീശങ്കരാചാര്യ സംസ്കൃത സർവകലാശാലയുടെ പുരുഷടീം രൂപീകരിക്കുന്നതിനുള്ള സെലക്ഷൻ ട്രയൽസ് നവംബർ 28ന് രാവിലെ 7.30ന് കാലടി മുഖ്യകേന്ദ്രത്തിലുള്ള കായിക പഠന വിഭാഗത്തിൽ നടക്കുമെന്ന് സർവ്വകലാശാല അറിയിച്ചു. 2026 ജൂലൈ ഒന്നിന് 25 വയസ്സ് തികയാത്ത വിദ്യാർത്ഥികൾ എസ്.എസ്.എൽസി. സർട്ടിഫിക്കറ്റ്, ആധാർ കാർഡ് എന്നിവയുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ സർവ്വകലാശാല ഐഡന്റിറ്റി കാർഡ് എന്നിവ സഹിതം കായിക വിഭാഗത്തിൽ എത്തിച്ചേരണം.



ആൽഗകളും സയനോബാക്ടീരിയയും ഉപയോഗിച്ച് കെട്ടിടങ്ങൾ തണുപ്പിക്കാൻ വിദ്യാർഥികളുടെ നൂതന പരീക്ഷണം

പൂനെ: കെട്ടിടങ്ങളുടെ പുറംഭാഗത്ത് ആൽഗകളും സയനോബാക്ടീരിയയും ഉപയോഗിച്ച് ചൂട് കുറയ്ക്കുന്നതിനുള്ള നൂതന സാങ്കേതികവിദ്യ വികസിപ്പിച്ച് എംഐടി വേൾഡ് പീസ് യൂണിവേഴ്സിറ്റിയിലെ വിദ്യാർഥികൾ. 'ബയോറെസപ്റ്റീവ് ഫസാഡ് സിസ്റ്റം ഫോർ പാസീവ് കൂളിങ് ഇൻ ഇന്ത്യൻ ക്ലൈമറ്റ്സ്' എന്ന പേരിലുള്ള പദ്ധതിക്ക് യൂത്ത് ഫോർ എർത്ത് കാമ്പയിൻ 2026 പുരസ്കാരം ലഭിച്ചു. മൊബിയസ് ഫൗണ്ടേഷനും ക്ലൈമറ്റ് റിയാലിറ്റി പ്രോജക്ടും സംയുക്തമായി സംഘടിപ്പിച്ച മത്സരത്തിലാണ് നേട്ടം.

മണ്ണും ജലസേചന സംവിധാനവും ആവശ്യമില്ലാതെ ആൽഗകളും പായലും വളരാൻ സഹായിക്കുന്ന പ്രത്യേക ജൈവപൂശലാണ് വിദ്യാർഥികൾ വികസിപ്പിച്ചത്. സൂര്യപ്രകാശം തടയുന്നതിനും ജലബാഷ്പീകരണത്തിലൂടെ ചൂട് കുറയ്ക്കുന്നതിനും ഈ സംവിധാനം സഹായിക്കും. കെട്ടിടങ്ങളുടെ ഉപരിതലത്തിലെ താപനില 15 മുതൽ 30 ഡിഗ്രി സെൽഷ്യസ് വരെ കുറയ്ക്കാൻ സമാന സാങ്കേതികവിദ്യകൾക്ക് കഴിയുമെന്നാണ് പഠനങ്ങൾ സൂചിപ്പിക്കുന്നത്. ഇന്ത്യൻ കാലാവസ്ഥയ്ക്ക് അനുയോജ്യമായ രീതിയിൽ സാങ്കേതികവിദ്യ വികസിപ്പിക്കുകയാണ് വിദ്യാർഥികളുടെ ലക്ഷ്യം.

കാമ്പസുകളിൽ ഇനി കുടുംബശ്രീ യൂണിറ്റുകളും

തൊടുപുഴ: കോളജ് വിദ്യാർഥിനികളുടെ സർഗാത്മകതയ്ക്കും കഴിവുകൾക്കും പുതിയ ദിശാബോധം നൽകാൻ കുടുംബശ്രീ കോളജ് കാമ്പസുകളിലേക്ക് എത്തുന്നു. കോളജ് വിദ്യാർഥിനികളുടെ സമഗ്ര വികാസവും ശക്തീകരണവും ലക്ഷ്യമിട്ടാണ് കുടുംബശ്രീ പ്രവർത്തനം കോളജുകളിലേക്ക് വ്യാപിപ്പിക്കുന്നത്. വിദ്യാർഥിനികളുടെ സാമൂഹ്യ പങ്കാളിത്തം, നൈപുണി വികസനം, തൊഴിൽ പരിശീലനം, സംരംഭകത്വം തുടങ്ങി സർവതല സ്പർശിയായ പദ്ധതിയായാണ് കുടുംബശ്രീ @ കാമ്പസ് പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്. ഉന്നത വിദ്യാഭ്യാസ കാലത്തുതന്നെ ഭാവി ലക്ഷ്യമിട്ട് സാമ്പത്തിക സ്വാശ്രയത്വം നേടാൻ വിദ്യാർഥിനികൾക്ക് അവസരമൊരുക്കുന്ന പദ്ധതിക്ക് ജില്ലയിലും അടുത്ത ദിവസം തുടക്കംകുറിക്കും.

പഠനത്തോടൊപ്പം ഇഷ്ടമേഖലകളിൽ തൊഴിൽ നൈപുണ്യം നേടാനും സംരംഭകത്വത്തിലൂടെ വരുമാനം കണ്ടെത്താനും വിദ്യാർഥിനികൾക്ക് അവസരമൊരുക്കുകയാണ് ലക്ഷ്യം. ആശയ രൂപീകരണം, പ്രോജക്ടുകൾ തയാറാക്കൽ, ധനസഹായം, വിപണന പിന്തുണ തുടങ്ങി എല്ലാ തലത്തിലും കുടുംബശ്രീ പിക്രിയേറ്റീവ് ഫീൽഡ്, ഉത്പാദന സേവന മേഖലകൾ, ഐടി ആൻഡ് ടെക്നോളജി, മറ്റ് പ്രസക്തമേഖലകൾ എന്നിവയിലാണ് വിദ്യാർഥിനികൾക്കു നൈപുണ്യ പരിശീലനത്തിനും പുതിയ സംരംഭങ്ങൾ ആരംഭിക്കുന്നതിനും അവസരമൊരുങ്ങുക.

ക്രിയേറ്റീവ് മേഖല തെരഞ്ഞെടുക്കുന്നവർക്ക് ഫിലിം മേക്കിംഗ്, ഡിജിറ്റൽ മാർക്കറ്റിംഗ്, സംഗീതം, കണ്ടൻറ് റൈറ്റിംഗ്, ഡിസൈനിംഗ്, ബ്രോഡ്കാസ്റ്റിംഗ്, വ്ലോഗിംഗ്, സ്ക്രിപ്റ്റ് റൈറ്റിംഗ്, എഡിറ്റിംഗ്, പോർട്ട്ഫോളിയോ ഡവലപ്മെൻറ്, ഡിജിറ്റൽ കാമ്പയിനുകൾ, പ്രോജക്ട് ഡെവലപ്മെൻറ്, സ്റ്റോറി ടെല്ലിംഗ് എന്നിവയിൽ നൈപുണ്യ പരിശീലനം നേടാനും സംരംഭങ്ങൾ ആരംഭിക്കുന്നതിനും കഴിയും.



കേരള പാഡൽ അസോസിയേഷന്റെ പ്രഥമ കേരള സംസ്ഥാന പാഡൽ ചാമ്പ്യൻഷിപ്പ് ബ്രോഷർ കേരള പാഡൽ അസോസിയേഷൻ പ്രസിഡന്റ് രാജീവ് നായർ അനാച്ഛാദനം ചെയ്യുന്നു. സെക്രട്ടറി ഷിനു ഗോപാൽ, ട്രഷറർ വി എ ജോസ്, ജില്ലാ സെക്രട്ടറി പൗലോസ് ദീപക്ക്, ജോ. സെക്രട്ടറി സരീക്ക ജോൺ എന്നിവർ സമീപം

കേരളത്തിൽ ആദ്യത്തെ സംസ്ഥാന പാഡൽ ചാമ്പ്യൻഷിപ്പ് ഡിസംബർ 19, 20 തിയ്യതികളിൽ കൊച്ചിയിൽ

കൊച്ചി: കേരള പാഡൽ അസോസിയേഷന്റെ ആഭിമുഖ്യത്തിൽ പ്രഥമ കേരള സംസ്ഥാന പാഡൽ ചാമ്പ്യൻഷിപ്പ് ഡിസംബർ 19, 20 തിയ്യതികളിൽ കൊച്ചിയിൽ നടക്കുമെന്ന് സംസ്ഥാന സെക്രട്ടറി ഷിനു ഗോപാൽ അറിയിച്ചു. ടൂർണമെന്റിന്റെ ബ്രോഷർ കേരള പാഡൽ അസോസിയേഷൻ പ്രസിഡന്റ് രാജീവ് നായർ അനാച്ഛാദനം ചെയ്തു. കടവന്ത്ര ജവഹർ നഗറിലെ സ്പേസ് ഹാഷ് പാഡൽ സെന്ററാണ് വേദി. കേരളത്തിൽ പാഡൽ കായികരംഗത്തിന് സംഘടിതമായ വളർച്ചയും പ്രചാരണവും ലക്ഷ്യമിട്ട് പുതുതായി രൂപീകരിച്ച കേരള പാഡൽ അസോസിയേഷന്റെ നേതൃത്വത്തിലാണ് ചാമ്പ്യൻഷിപ്പ് സംഘടിപ്പിക്കുന്നത്. സംസ്ഥാനത്തെ ആദ്യ പാഡൽ ചാമ്പ്യന്മാരെ കണ്ടെത്തുന്നതിനൊപ്പം താരങ്ങൾക്ക് റാങ്കിങ് സംവിധാനം ഏർപ്പെടുത്തുന്നതിനും ടൂർണമെന്റ് വഴിയൊരുക്കും.

യുവജനങ്ങളെയും കായികപ്രേമികളെയും പാഡൽ കായികരംഗത്തേക്ക് ആകർഷിക്കുക, പരിശീലന സൗകര്യങ്ങളും ക്ലബ്ബുകളും പ്രോത്സാഹിപ്പിക്കുക, മികച്ച താരങ്ങളെ കണ്ടെത്തി ഉയർന്ന തലത്തിലുള്ള മത്സരങ്ങൾക്ക് പ്രാപ്തരാക്കുക തുടങ്ങിയ ലക്ഷ്യങ്ങളോടെയാണ് കേരള പാഡൽ അസോസിയേഷൻ രൂപീകരിച്ചിരിക്കുന്നത്.

ടെന്നീസിന്റെയും സ്ക്വാഷിന്റെയും സവിശേഷതകൾ സമന്വയിപ്പിച്ച റാക്കറ്റ് കായിക ഇനമാണ് പാഡൽ. സാധാരണയായി അടച്ചിട്ട കോർട്ടിൽ രണ്ട് പേർ വീതമുള്ള ടീമുകളായാണ് മത്സരം നടക്കുന്നത്. ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ അതിവേഗം പ്രചാരം നേടുന്ന ഈ കായിക ഇനം കേരളത്തിലും ജനകീയമാക്കുകയാണ് അസോസിയേഷന്റെ ലക്ഷ്യം.

പ്രഥമ സംസ്ഥാന ചാമ്പ്യൻഷിപ്പിൽ പുരുഷ ഓപ്പൺ ഡബിൾസ്, വനിതാ ഓപ്പൺ ഡബിൾസ്, മിക്സഡ് ഡബിൾസ്, പുരുഷന്മാരുടെ 45 വയസ്സിന് മുകളിലുള്ളവരുടെ ഡബിൾസ്, വനിതകളുടെ 45 വയസ്സിന് മുകളിലുള്ളവരുടെ ഡബിൾസ് എന്നീ വിഭാഗങ്ങളിൽ മത്സരങ്ങൾ നടക്കും.

ജൂനിയർ വിഭാഗത്തിൽ 12, 14, 16, 18 വയസ്സിന് താഴെയുള്ള ആൺകുട്ടികളുടെയും പെൺകുട്ടികളുടെയും ഡബിൾസ് മത്സരങ്ങളും ഉണ്ടായിരിക്കും. ടൂർണമെന്റ് ചട്ടങ്ങൾക്കനുസരിച്ച് എല്ലാവർക്കും പങ്കെടുക്കാവുന്ന ഓപ്പൺ വിഭാഗം എന്നീ മത്സരങ്ങളും സംഘടിപ്പിക്കും. ചാമ്പ്യൻഷിപ്പിന്റെ പ്രധാന ലക്ഷ്യങ്ങളിലൊന്ന് കേരള സംസ്ഥാന പാഡൽ താര റാങ്കിങ്, സീഡിങ് സംവിധാനം എന്നിവയ്ക്ക് തുടക്കം കുറിക്കുകയെന്നതാണ്. വിവിധ ടൂർണമെന്റുകളിലെ പങ്കാളിത്തവും പ്രകടനവും അടിസ്ഥാനമാക്കി താരങ്ങൾക്ക് റാങ്കിങ് പോയിന്റുകൾ ലഭിക്കും. ഭാവിയിൽ സംസ്ഥാനതല മത്സരങ്ങൾ സംഘടിപ്പിക്കുന്നതിനും മികച്ച പ്രതിഭകളെ കണ്ടെത്തുന്നതിനും ഈ സംവിധാനം സഹായകമാകും. റാങ്കിംഗ് പോയിന്റുകൾ ദേശീയ തലത്തിലും ചേർക്കപ്പെടും.

മത്സരത്തിൽ പങ്കെടുക്കുന്നവർ കുറഞ്ഞത് ആറുമാസമായി കേരളത്തിൽ താമസിക്കുന്നവരാണെന്ന് തെളിയിക്കുന്ന രേഖകൾ ഹാജരാക്കണം. ഒരു ടീമിന് 4,000 രൂപയാണ് രജിസ്ട്രേഷൻ ഫീസ്. രജിസ്ട്രേഷൻ അവസാന തിയ്യതി ഡിസംബർ 10 ആണ്.

എറണാകുളം ജില്ലാ പാഡൽ അസോസിയേഷന്റെ സഹകരണത്തോടെയാണ് ചാമ്പ്യൻഷിപ്പ് സംഘടിപ്പിക്കുന്നത്. ടൂർണമെന്റ് ഡയറക്ടറായി ജില്ലാ അസോസിയേഷൻ സെക്രട്ടറി പൗലോസ് ദീപക്കും ഹോസ്പിറ്റാലിറ്റി കമ്മിറ്റി ചെയർപേഴ്സണായി ജോയിന്റ് സെക്രട്ടറി സരീക്ക ജോണും ടൂർണമെന്റ് കൺവീനറായി വൈസ് പ്രസിഡന്റ് സോണി മാത്യൂസും പ്രവർത്തിക്കും.

കൂടുതൽ വിവരങ്ങൾക്ക് www.keralapadelaossciation.com എന്ന വെബ്സൈറ്റ് സന്ദർശിക്കുകയോ admin@keralapadelaossciation.com എന്ന ഇമെയിൽ വിലാസത്തിലോ സംസ്ഥാന സെക്രട്ടറി ഷിനു ഗോപാൽ 9020116947, പൗലോസ് ദീപക് 8921407581, സരീക്ക ജോൺ 9745999800 എന്നീ നമ്പറുകളിലോ ബന്ധപ്പെടാവുന്നതാണ്.

എറണാകുളം പ്രസ് ക്ലബ്ബിൽ നടന്ന വാർത്താ സമ്മേളനത്തിൽ കേരള പാഡൽ അസോസിയേഷൻ (കെപിഎ) പ്രസിഡന്റ് രാജീവ് നായർ, സെക്രട്ടറി ഷിനു ഗോപാൽ, ട്രഷറർ വി എ ജോസ്, ജില്ലാ സെക്രട്ടറി പൗലോസ് ദീപക്ക്, ജോ. സെക്രട്ടറി സരീക്ക ജോൺ എന്നിവർ പങ്കെടുത്തു.

പിട്ടാപ്പിള്ളിൽ ഏജൻസീസ് ഓണം ഓഫർ; നറുക്കെടുപ്പിൽ 5,000ത്തിലധികം വിജയികൾ

കൊച്ചി: പിട്ടാപ്പിള്ളിൽ ഏജൻസീസിന്റെ 'വമ്പൻ ഓണം കൊമ്പൻ ഓഫർ' പദ്ധതിയുടെ നറുക്കെടുപ്പിൽ 5,000ത്തിലധികം വിജയികളെ തെരഞ്ഞെടുത്തു. പാലാരിവട്ടം റിനൈ ഹോട്ടലിൽ നടന്ന മെഗാ നറുക്കെടുപ്പിൽ പ്രമുഖ സഞ്ചാരിയും എഴുത്തുകാരനും സഫാരി ടിവി സ്ഥാപകനുമായ സന്തോഷ് ജോർജ് കുളങ്ങര മുഖ്യാതിഥിയായിരുന്നു.

ഡിജിറ്റൽ സംവിധാനത്തിലൂടെയാണ് വിജയികളെ തെരഞ്ഞെടുത്തത്. വിജയികൾക്ക് ഹീറോ മാവെറിക് 440 ബൈക്കുകൾ, ലേഡീസ് ഇലക്ട്രിക് സ്കൂട്ടറുകൾ, ടിവി, എസി, റഫ്രിജറേറ്ററുകൾ, വാഷിംഗ് മെഷീനുകൾ, ഫ്രീമിയം സൗണ്ട് ബാറുകൾ, സ്വർണം, വെള്ളി നാണയങ്ങൾ തുടങ്ങിയ സമ്മാനങ്ങളാണു ലഭിക്കുന്നത്. വിജയികളുടെ പൂർണമായ പട്ടിക പിട്ടാപ്പിള്ളിൽ ഏജൻസീസിന്റെ വെബ്സൈറ്റായ www.pittappillilonline.com -ൽ പ്രസിദ്ധീകരിക്കും.



ട്രാവൽ വ്ലോഗർ സുജിത്ത് ഭക്തൻ, കൊട്ടാരം ട്രേഡിംഗ് കമ്പനി, നോൾട്ട ഡയറക്ടർ ആന്റണി കൊട്ടാരം, പിട്ടാപ്പിള്ളിൽ ഏജൻസീസ് മാനേജിംഗ് ഡയറക്ടർ പീറ്റർ പോൾ പിട്ടാപ്പിള്ളിൽ, സിഇഒ കിരൺ വർഗീസ്, ഡയറക്ടർമാരായ ഫ്രാൻസിസ് പിട്ടാപ്പിള്ളിൽ, മരിയ പോൾ, അജോ തോമസ് തുടങ്ങിയവർ ചടങ്ങിൽ പ്രസംഗിച്ചു.

ഓണക്കാലത്തെ വില്പനയിൽ മികച്ച പ്രകടനം കാഴ്ചവച്ച പിട്ടാപ്പിള്ളിൽ ജീവനക്കാർക്കുള്ള പെർഫോമൻസ് കാഷ് അവാർഡുകളും ചടങ്ങിൽ വിതരണം ചെയ്തു.

37 വർഷമായി പ്രവർത്തിക്കുന്ന പിട്ടാപ്പിള്ളിൽ ഏജൻസീസിനു കേരളത്തിൽ 88 ഷോറൂമുകളുണ്ട്. ബ്രാൻഡഡ് ഉത്പന്നങ്ങൾ വിപണിയിലെ ഏറ്റവും മികച്ച വിലയിൽ സ്വന്തമാക്കാനും 31,000 വരെ കാഷ്ബാക്കിനും ആകർഷകമായ ഫിനാൻസ് ആനുകൂല്യങ്ങൾക്കും പിട്ടാപ്പിള്ളിലിൽ അവസരമുണ്ട്.



ആരോഗ്യ രംഗത്തെ മുന്നേറ്റത്തിനായി 'ടി.എം.സി വിഷൻ 2030'

തിരുവനന്തപുരം: തിരുവനന്തപുരം മെഡിക്കൽ കോളേജിന്റെ പ്ലാറ്റിനം ജൂബിലി കൺവെൻഷനിലെ വിഷൻ ഡോക്യുമെൻറിൻറെ അടിസ്ഥാനത്തിൽ വികസന പരിപാടി തയ്യാറാക്കുമെന്ന് ഗതാഗത വകുപ്പ് മന്ത്രി സി.പി. ജോൺ. മെഡിക്കൽ കോളേജ് ഓട്ടോണമസ് ആക്കുന്നതിനെക്കുറിച്ച് ചർച്ച ചെയ്യേണ്ടതാണ്. മികച്ച പ്രവർത്തനങ്ങളിലൂടെ ഇന്ത്യയിലെ മികച്ച മെഡിക്കൽ കോളേജുകളിൽ ഒന്നായി തിരുവനന്തപുരം മെഡിക്കൽ കോളേജിനെ മാറ്റാൻ സാധിക്കും. 75 വർഷക്കാലത്തെ ശോഭനമായ ചരിത്രമാണ് തിരുവനന്തപുരം മെഡിക്കൽ കോളേജിനുള്ളത്. വികസനത്തിൻറെ അടുത്ത കുതിപ്പിലേക്ക് മെഡിക്കൽ കോളേജിനെ എത്തിക്കുമെന്നും മന്ത്രി പറഞ്ഞു. തിരുവനന്തപുരം മെഡിക്കൽ കോളേജിന്റെ പ്ലാറ്റിനം ജൂബിലി കൺവെൻഷൻ 2026ലെ 'ടി.എം.സി വിഷൻ 2030' സെമിനാർ ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു മന്ത്രി.

മെഡിക്കൽ വിദ്യാഭ്യാസം, രോഗീ പരിചരണം, ഗവേഷണം, ഇന്നവേഷൻ തുടങ്ങിയവയിൽ ഊന്നിയായിരിക്കണം വിഷൻ ഡോക്യുമെൻറ് തയ്യാറാക്കേണ്ടതെന്ന് ചടങ്ങിൽ അധ്യക്ഷത വഹിച്ച വി. മുരളീധരൻ എം.എൽ.എ. പറഞ്ഞു. ആരോഗ്യ സർവകലാശാല വൈസ് ചാൻസലർ ഡോ. മോഹനൻ കുന്നുമ്മൽ, ആരോഗ്യ വകുപ്പ് ഡയറക്ടർ ഡോ. വി. മീനാക്ഷി എന്നിവർ വിശിഷ്ടാതിഥികളായി.

ടി.എം.സി.എ.എ. മുൻ പ്രസിഡൻറും കിംസ് ഹെൽത്ത് ചെയർമാനുമായ ഡോ. എം.ഐ. സഹദുള്ള മുഖ്യ പ്രഭാഷണം നടത്തി. അലുമ്നി അസോസിയേഷൻ പ്രസിഡൻറ് ഡോ. സി. ജോൺ പണിക്കർ, മെഡിക്കൽ കോളേജ് പ്രിൻസിപ്പൽ ഡോ. രഞ്ജു രവീന്ദ്രൻ, പ്ലാനിംഗ് ബോർഡ് അംഗം ഡോ. എസ്.എസ്. ലാൽ, അലുമ്നി അസോസിയേഷൻ വൈസ് പ്രസിഡൻറ് ഡോ. ദിനേശ് കെ., അലുമ്നി അസോസിയേഷൻ സെക്രട്ടറി ഡോ. കവിത രവി, ചേംബർ ഓഫ് കൊമേഴ്സ് പ്രസിഡൻറ് രഘു ചന്ദ്രൻ നായർ എന്നിവർ പങ്കെടുത്തു.

ഡോ. രഞ്ജിത്ത്, ഡോ. രമേഷ് രാജൻ, ഡോ. പ്രേമ എൻ.എസ്., ഡോ. ബിനോയ് എസ്., ഡോ. ഉമ, ഡോ. സുചിത്ര, ഡോ. അരവിന്ദ്, ഡോ. പ്രണവ്, ഡോ. നവ്യശ്രീ, അഫ്ന എന്നിവർ വിവിധ വിഷയങ്ങളിൽ സംസാരിച്ചു.

തിരുവനന്തപുരം മെഡിക്കൽ കോളേജിലെ ഡയമണ്ട് ജൂബിലി ഓഡിറ്റോറിയത്തിൽ നവംബർ 20 മുതൽ 22 വരെയാണ് കൺവെൻഷൻ സംഘടിപ്പിക്കുന്നത്. തിരുവനന്തപുരം മെഡിക്കൽ കോളേജ് അലുമ്നി അസോസിയേഷൻ , ടീച്ചേഴ്സ് അസോസിയേഷൻ, സ്റ്റുഡൻസ് യൂണിയൻ എന്നിവർ സംയുക്തമായാണ് പരിപാടി സംഘടിപ്പിക്കുന്നത്.

തിരുവനന്തപുരം മെഡിക്കൽ കോളേജിന്റെ പൈതൃകം എന്ന വിഷയത്തിൽ ഡോ. കെ. രാജശേഖരൻ നായരും, ഭാവിക്കായുള്ള ധനസമാഹരണത്തിൽ അലുമ്നിയുടെ പങ്ക് എന്ന വിഷയത്തിൽ ഡോ. കൃഷ്ണ ആർ. പ്രസാദും പ്രഭാഷണങ്ങൾ നടത്തി.

മെഡിക്കൽ വിദ്യാഭ്യാസം, ആരോഗ്യ രംഗത്തെ വികസനം, ഭാവി ചികിത്സാ സംവിധാനങ്ങൾ തുടങ്ങിയ വിഷയങ്ങളിൽ വിവിധ വിഭാഗങ്ങളിലെ വിദഗ്ധർ പ്രബന്ധങ്ങൾ അവതരിപ്പിച്ചു. ഇന്ത്യയിലെ കാൻസർ ചികിത്സയിൽ പ്രോട്ടോൺ തെറാപ്പിയുടെ ഏഴുവർഷത്തെ മുന്നേറ്റം എന്ന വിഷയത്തിൽ അപ്പോളോ ഹോസ്പിറ്റൽസ് ഇന്ത്യ ഗ്രൂപ്പ് ചീഫ് ബിസിനസ് ഓഫീസർ ജോൺ ചാണ്ടിയും, ഹൃദ്രോഗ ചികിത്സയിലെ ഉചിതവും അനുചിതവുമായ രീതികൾ എന്ന വിഷയത്തിൽ അമേരിക്കയിലെ ലൂയിസ് സ്റ്റോക്സ് ക്ലീവ്ലൻഡ് വി.എ. മെഡിക്കൽ സെന്ററിലെ കാർഡിയോളജി വിഭാഗം മേധാവി ഡോ. മുഹമ്മദ് നജീബ് ഒസ്മാനും പ്രഭാഷണങ്ങൾ നടത്തി. അവാർഡ് ദാനച്ചടങ്ങും കലാസന്ധ്യയും ഇതോടൊപ്പം നടന്നു.

കെഎസ്എഫ്ഇ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി ഡിസംബർ രണ്ടുവരെ

തൃശൂർ: കെഎസ്എഫ്ഇ നടപ്പിലാക്കിവരുന്ന 'വിമുക്തി 26' ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി ഡിസംബർ രണ്ടിന് അവസാനിക്കും.

കുടിശികയുള്ള ചിട്ടി വരിക്കാർക്ക് അവരുടെ സാമ്പത്തിക ബാധ്യതകൾ ലഘൂകരിക്കുന്നതിനും കുടിശിക തീർപ്പാക്കുന്നതിനുമായി പദ്ധതിയുടെ ഭാഗമായി 30 മുതൽ 60 ശതമാനം വരെ പലിശയിളവ് ഉൾപ്പടെയുള്ള ആനുകൂല്യങ്ങൾ ലഭ്യമാക്കും.

സർക്കാർ അനുവദിച്ച ഈ പ്രത്യേക ഇളവുകൾ നിശ്ചിത സമയപരിധിക്കുള്ളിൽ പ്രയോജനപ്പെടുത്തണമെന്ന് മാനേജിംഗ് ഡയറക്ടർ പി.എൻ. അഭിലാഷ് അറിയിച്ചു. സമയപരിധി കഴിഞ്ഞാൽ പദ്ധതിപ്രകാരമുള്ള ഇളവുകൾ ലഭിക്കില്ല. വിശദവിവരങ്ങൾക്ക്: https://ksfe.com/vimukthi-26

സൊസൈറ്റി ടുഡേ SOCIETY TODAY



മുത്തൂറ്റ് ആശാ ശക്തി പദ്ധതിയുടെ ഉദ്ഘാടന ചടങ്ങിൽ മന്ത്രി കെ. മുരളീധരൻ ആശാ പ്രവർത്തകയക്ക് ഉപഹാരം നൽകുന്നു. 239 ആശമാർക്ക് 10,000 രൂപയും ഉപഹാരവും നൽകുന്ന പദ്ധതിയുടെ ആദ്യ ഘട്ടത്തിനാണ് തുടക്കമായത്. മുത്തൂറ്റ് ഫിനാൻസ് എക്സിക്യൂട്ടീവ് വൈസ് ചെയർമാൻ ജോർജ് അലക്സാണ്ടർ മുത്തൂറ്റ് സമീപം.

ആശമാർക്ക് ആദരവുമായി മുത്തൂറ്റ് ഫിനാൻസ് ആശാ ശക്തി: 239 പേർക്ക് 10,000 വീതം നൽകുന്ന പദ്ധതി ഉദ്ഘാടനം ചെയ്തു

ആദ്യ ഘട്ടത്തിൽ എറണാകുളത്ത് നിന്നുള്ള 239 ആശമാർക്ക് 10,000 രൂപയും ഉപഹാരവും നൽകി

കൊച്ചി: സമൂഹികാരോഗ്യ സംരക്ഷണ മേഖലയിൽ നിർണായക പങ്കു വഹിക്കുന്ന ആശാ പ്രവർത്തകരുടെ സേവനങ്ങളെ ആദരിക്കുന്നതിനായുള്ള മുത്തൂറ്റ് ഫിനാൻസിന്റെ ആശാ ശക്തി പദ്ധതി സംസ്ഥാന ആരോഗ്യ കുടുംബക്ഷേമ വകുപ്പ് മന്ത്രി കെ. മുരളീധരൻ ഉദ്ഘാടനം ചെയ്തു.

സമൂഹത്തിനാകെ മാതൃകയാക്കാവുന്ന ഇത്തരമൊരു പദ്ധതിയുമായി മുന്നോട്ട് വന്ന മുത്തൂറ്റ് ഫിനാൻസിനെ പ്രത്യേകം അഭിനന്ദിക്കുന്നതായി മന്ത്രി പറഞ്ഞു. നിരവധി ജീവകാരുണ്യ പ്രവർത്തനങ്ങളാണ് മുത്തൂറ്റ് ഫിനാൻസ് നടത്തുന്നത്. സമൂഹത്തിന്റെ താഴെ തട്ടിൽ ആരോഗ്യ മേഖലയിൽ പ്രവർത്തിക്കുന്ന ആശാ പ്രവർത്തകരെ ആദരിക്കുന്നത് അവരിൽ വലിയ ആത്മവിശ്വാസവും തുടർന്നുള്ള പ്രവർത്തനങ്ങൾക്ക് കൂടുതൽ ഊർജ്ജവും നൽകും. ആശമാരെ ചേർത്ത് പിടിക്കാൻ എല്ലാവരും മുന്നോട്ട് വരണമെന്നും മന്ത്രി പറഞ്ഞു.

പദ്ധതിയുടെ ആദ്യഘട്ടത്തിനായി 30 ലക്ഷം രൂപയാണ് നീക്കിവെച്ചിരിക്കുന്നത്. നാഷണൽ ഹെൽത്ത് മിഷന്റെ (എൻ.എച്ച്.എം) കീഴിൽ രജിസ്റ്റർ ചെയ്തിട്ടുള്ള 60 വയസും അതിനു മുകളിലും പ്രായമുള്ള 239 ആശാ പ്രവർത്തകരെയാണ് ആദ്യഘട്ടത്തിൽ ആദരിച്ചത്. ഓരോരുത്തർക്കും 10,000 രൂപയും ഉപഹാരവും നൽകി. എറണാകുളം ജില്ലയിൽ നിന്നാണ് പദ്ധതിക്ക് തുടക്കമാകുന്നത്.

പാലാരിവട്ടത്തെ മുത്തൂറ്റ് ഫിനാൻസിന്റെ ആസ്ഥാനത്ത് നടന്ന ചടങ്ങിൽ ഉമ തോമസ് എംഎൽഎ, മുത്തൂറ്റ് ഫിനാൻസ് എക്സിക്യൂട്ടീവ് വൈസ് ചെയർമാൻ ജോർജ് അലക്സാണ്ടർ മുത്തൂറ്റ്, ഡെപ്യൂട്ടി മാനേജിങ് ഡയറക്ടർമാരായ ജോർജ് എം. ജോർജ്, ജോർജ് എം ജേക്കബ്, വിപിഎസ് ലേക്ഷോർ ആശുപത്രിയിലെ ഓങ്കോളജിസ്റ്റ് ഡോ. ചിത്രത്താര, ഡിഎംഒ ഡോ.ആർ. ഷഹീർഷാ, എൻഎച്ച്എം ജില്ലാ പ്രോഗ്രാം മാനേജർ ഡോ. ഹനീഷ് എംഎം, കോർപ്പറേഷൻ കൗൺസിലർ ഷിബി സോമൻ എന്നിവർ പങ്കെടുത്തു.

ആശാ പ്രവർത്തകർ രാജ്യത്തെ സാമൂഹിക ആരോഗ്യസംരക്ഷണ സംവിധാനത്തിലെ അവിഭാജ്യ ഘടകമാണെന്നും വർഷങ്ങളായി നടത്തുന്ന അർപ്പണ ബോധത്തോടെയുള്ള സേവനം വഴി നിരവധി കുടുംബങ്ങളുടെ ആരോഗ്യത്തിനും ക്ഷേമത്തിനും വലിയ സംഭാവനയാണ് നൽകുന്നതെന്നും മുത്തൂറ്റ് ഫിനാൻസ് എക്സിക്യൂട്ടീവ് വൈസ് ചെയർമാൻ ജോർജ് അലക്സാണ്ടർ മുത്തൂറ്റ് പറഞ്ഞു. ആശാ ശക്തിയിലൂടെ വർഷങ്ങളായി ഇവർ നടത്തിവരുന്ന വിലമതിക്കാനാവാത്ത സംഭാവനകളെ അംഗീകരിക്കുകയും ആദരിക്കുകയും ചെയ്യുകയാണ് ലക്ഷ്യം. സമൂഹിക സേവനത്തിനായി ജീവിതത്തിന്റെ വലിയൊരു ഭാഗം സമർപ്പിച്ച ഇവർക്ക് പ്രത്യേക പരിഗണനയാണ് നൽകുന്നത്. ആശാ പ്രവർത്തകരുടെ അർപ്പണബോധത്തോടെയുള്ള നിസ്വാർഥ സേവനത്തിന് ഞങ്ങൾ ഹൃദയപൂർവം നന്ദി അറിയിക്കുന്നു. നമ്മുടെ സമൂഹത്തിൽ അവർ വഹിക്കുന്ന നിർണായക പങ്കിനോടുള്ള ആദരസൂചകമായി ഈ സംരംഭം മാറുമെന്നാണ് പ്രതീക്ഷിക്കുന്നതെന്നും അദ്ദേഹം പറഞ്ഞു.

ആശാ പ്രവർത്തകരുടെ സേവനവും സമർപ്പണവും അംഗീകരിക്കുന്നതിനൊപ്പം അർഥവത്തായ സാമൂഹിക പ്രതിബദ്ധതാ പ്രവർത്തനങ്ങളിലൂടെ സാമൂഹികക്ഷേമം ശക്തിപ്പെടുത്താനും ആശാ ശക്തിയിലൂടെ മുത്തൂറ്റ് ഫിനാൻസ് ലക്ഷ്യമിടുന്നുണ്ട്. അടിസ്ഥാനതലത്തിൽ സമൂഹത്തിന് ഗുണകരമായ മാറ്റങ്ങൾ സൃഷ്ടിക്കുന്നവരെ പിന്തുണയ്ക്കുന്നതിനും ആരോഗ്യകരവും എല്ലാവരെയും ഉൾക്കൊള്ളുന്നതുമായ സമൂഹം കെട്ടിപ്പടുക്കുന്നതിനുമുള്ള കമ്പനിയുടെ തുടർച്ചയായ പ്രവർത്തനങ്ങളുടെ ഭാഗമാണ് ഈ പദ്ധതി.

പെട്രോളിയം ഡീലർ കമ്മീഷൻ വർധിപ്പിക്കുന്നതിനുള്ള നടപടികൾ രണ്ടാഴ്ചക്കകം ആരംഭിക്കും: കേന്ദ്രമന്ത്രി ഹർദീപ്സിങ് പുരി

കൊച്ചി:പെട്രോളിയം ഡീലർമാരുടെ നിരന്തര ആവശ്യമായിരുന്ന ഡീലർ കമ്മീഷൻ വർധനക്കുള്ള നടപടികൾ രണ്ടാഴ്ചക്കകം ആരംഭിക്കുമെന്ന് കേന്ദ്ര പെട്രോളിയം, പ്രകൃതിവാതക വകുപ്പ്മന്ത്രി ഹർദീപ്സിങ് പുരി. പെട്രോളിയം ഡീലർ കമ്മീഷനടക്കം രാജ്യത്തെ പെട്രോളിയം ഡീലർമാർ നേരിടുന്ന വിവിധ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി വിളിച്ചു ചേർത്ത ഡീലർ അസോസിയേഷൻ നേതാക്കളുടെ വിപുലമായ യോഗത്തിലാണ് കേന്ദ്രമന്ത്രി ഇതുസംബന്ധിച്ച ഉറപ്പ് നൽകിയത്. 92,000ത്തോളം വരുന്ന പെട്രോളിയം ഡീലർമാർ രാജ്യത്തിൻറെ നട്ടെല്ലാണെന്ന് മന്ത്രി അഭിപ്രായപ്പെട്ടു. തടസങ്ങളില്ലാത്ത ഇന്ധന വിതരണം രാജ്യത്തിന്റെ സുസ്ഥിരമായ വളർച്ചയ്ക്ക് അനിവാര്യമാണെന്നും മന്ത്രി കൂട്ടിച്ചേർത്തു.

2022 ഫെബ്രുവരിയിൽ റഷ്യയുക്രെയ്ൻ യുദ്ധത്തോടെ ആരംഭിച്ച പെട്രോളിയം രംഗത്തെ മാന്ദ്യം പശ്ചിമേഷ്യൻ സംഘർഷത്തോടെ കൂടുതൽ സങ്കീർണമായെന്ന് മന്ത്രി പറഞ്ഞു. ഈ ഘട്ടത്തിലൊക്കെ ഇന്ത്യയിലെ പെട്രോളിയം ഡീലർ സമൂഹവും എണ്ണക്കമ്പനികളും ഉത്തരവാദിത്തത്തോടെ കൃത്യനിർവഹണം നടത്തി രാജ്യത്തോട് ചേർന്ന് നിന്നു. അവർ സംരക്ഷിക്കപ്പെടേണ്ടതാണെന്നും മന്ത്രി പറഞ്ഞു. തുടർന്നാണ് പെട്രോളിയം ഡീലർമാരുടെ നിരന്തര ആവശ്യമായിരുന്ന കമ്മീഷൻ വർധന നടപ്പാക്കാൻ രണ്ടാഴ്ചക്കകം നടപടി ആരംഭിക്കുമെന്നു മന്ത്രി ഉറപ്പ് നൽകിയത്.

കേരളത്തിലെ പെട്രോളിയം ഡീലർമാർ നേരിടുന്ന സവിശേഷമായ സ്ഥിതിവിശേഷങ്ങൾ യോഗത്തിൽ പങ്കെടുത്ത ആൾ കേരള ഫെഡറേഷൻ ഓഫ് പെട്രോളിയം ട്രേഡേഴ്സ് പ്രസിഡൻറ് ടോമി തോമസ് യോഗത്തിൽ ഉന്നയിച്ചു. എണ്ണകമ്പനികൾ നിർദേശിക്കുന്ന മാർക്കറ്റിങ് ഡിസിപ്ലിൻ മാർഗ്ഗരേഖയിൽ ഗൗരവതരമായ ഒരു ലംഘനം പോലും കഴിഞ്ഞ 4 വർഷത്തിനിടെ കേരളത്തിൽ നിന്ന് റിപ്പോർട്ട് ചെയ്തിട്ടില്ലെന്ന് ടോമി തോമസ് യോഗത്തിൽ ചൂണ്ടിക്കാട്ടി. കേരളത്തിൽ നിലവിലുള്ള ഉയർന്ന വേതനം അനുസരിച്ച് 25,000 രൂപ കൊടുത്താൽ പോലും ക്വാളിറ്റി വർക്കറെ കിട്ടുന്നില്ല. നിലവിലെ ഡീലർ കമ്മീഷനിൽ 12,500 രൂപ മാത്രമാണ് തൊഴിലാളികളുടെ വേതനമായി കണക്കാക്കിയിരിക്കുന്നത്. ഇത് അനീതിയാണെന്നും ടോമി തോമസ് പറഞ്ഞു. ഇതിനോട് ക്രിയാത്മകമായി പ്രതികരിച്ച കേന്ദ്രമന്ത്രി ഈ വിഷയങ്ങൾക്ക് പ്രത്യേക പരിഗണന നൽകണമെന്ന് മന്ത്രാലയ ഉദ്യോഗസ്ഥരോടും എണ്ണക്കമ്പനികളുടെ ഉന്നത ഉദ്യോഗസ്ഥരോടും ആവശ്യപ്പെട്ടു.

കേന്ദ്ര പെട്രോളിയം സെക്രട്ടറി ഡോ.നീരജ് മിത്തൽ, മാർക്കറ്റിങ് ചുമതലയുള്ള ജോ.സെക്രട്ടറി സുജാത ശർമ്മ, ഐഒസി, എച്ച് പി, ബിപിസിഎൽ കമ്പനികളുടെ മാർക്കറ്റിങ് ഡയറക്ടർമാർ എന്നിവർ യോഗത്തിൽ പങ്കെടുത്തു. കേരളത്തിൽ നിന്ന് എ കെ എഫ് പി ടി പ്രസിഡന്റ് ടോമി തോമസിന് പുറമെ ഡീലേഴ്സ് ലീഗൽ സർവീസ് വെൽഫെയർ സൊസൈറ്റി പ്രസിഡന്റ് ടോം സ്കറിയയും യോഗത്തിൽ പങ്കെടുത്തു.

സമൂഹത്തിലെ ആവശ്യങ്ങൾ തിരിച്ചറിഞ്ഞ് സംരംഭങ്ങൾ വളർത്തണം: സന്തോഷ് ജോർജ് കുളങ്ങര

കൊച്ചി: സമൂഹത്തിന്റെ ആവശ്യങ്ങൾ തിരിച്ചറിയുകയും അവയെ പുതിയ സംരംഭങ്ങളാക്കി മാറ്റുകയും ചെയ്യുമ്പോഴാണ് മികച്ച ബിസിനസ് അവസരങ്ങൾ സൃഷ്ടിക്കപ്പെടുന്നതെന്ന് സഫാരി ടിവി സ്ഥാപകനും മാനേജിങ് ഡയറക്ടറും സഞ്ചാരം പരിപാടിയുടെ സ്രഷ്ടാവുമായ സന്തോഷ് ജോർജ് കുളങ്ങര. ലോകവിപണിയിലേക്ക് കടന്നുചെന്ന് കേരളത്തിലെ ഉൽപ്പന്നങ്ങൾക്കും സംരംഭങ്ങൾക്കും കൂടുതൽ സാധ്യതകൾ കണ്ടെത്താൻ യുവതലമുറ തയ്യാറാകണമെന്നും അദ്ദേഹം പറഞ്ഞു.

കൊച്ചിൻ ചേംബർ ഓഫ് കൊമേഴ്സ് ആൻഡ് ഇൻഡസ്ട്രിയുടെ 170ാം വാർഷികാഘോഷങ്ങളുടെ ഭാഗമായി സംഘടിപ്പിച്ച 'മൈ സ്റ്റോറി' സംവാദപരമ്പരയുടെ ഉദ്ഘാടന സെഷനിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. 'തിങ്ക് ഗ്ലോബൽ, ബിൽഡ് ലോക്കൽ' എന്ന വിഷയത്തിലായിരുന്നു പ്രഭാഷണം.

യാത്രകളെ കേവലം വിനോദത്തിനുള്ള ഉപാധിയായല്ല, പുതിയ ആശയങ്ങളും ബിസിനസ് സാധ്യതകളും കണ്ടെത്താനുള്ള അവസരമായാണ് താൻ കണ്ടതെന്ന് അദ്ദേഹം പറഞ്ഞു. ഓരോ പ്രദേശത്തിന്റേയും വിനോദസാധ്യതകളിൽ മാത്രം ശ്രദ്ധ കേന്ദ്രീകരിക്കാതെ ആ പ്രദേശത്തിന്റെ ചരിത്രവും സാമൂഹിക സാഹചര്യങ്ങളും അന്വേഷിക്കാനാണ് താൻ ശ്രമിച്ചത്. ഈ കാഴ്ചപ്പാടാണ് സഞ്ചാരം എന്ന പരിപാടിയുടെ വളർച്ചയ്ക്കും പിന്നീട് സഫാരി ടിവി എന്ന ചാനലിന്റെ രൂപീകരണത്തിനും വഴിയൊരുക്കിയതെന്നും അദ്ദേഹം വിശദീകരിച്ചു.

കേരളത്തിലെ സംരംഭകർക്ക് ആഗോള വിപണിയിൽ വലിയ സാധ്യതകളുണ്ടെന്ന് വ്യാപാരമേളകളിലെ അനുഭവങ്ങൾ ചൂണ്ടിക്കാട്ടി അദ്ദേഹം പറഞ്ഞു. ലോകോത്തര വ്യാപാര മേളകളിൽ കണ്ടുമുട്ടിയ മലയാളികളിൽ കൊച്ചിപോലെ വലിയ വാണിജ്യകേന്ദ്രത്തിൽനിന്നുള്ളവരുടെ



സാന്നിധ്യം കുറവാണെന്നത് അത്ഭുതപ്പെടുത്തിയെന്നും അദ്ദേഹം പറഞ്ഞു. ലോകവിപണിയിൽ മികച്ച നിലവാരമുള്ള ഉൽപ്പന്നങ്ങൾ കണ്ടെത്തി ഇന്ത്യയിൽ വിപണനം ചെയ്യുന്നതിനും സ്വന്തം ഉൽപ്പന്നങ്ങൾ വിദേശവിപണിയിലെത്തിക്കുന്നതിനും യുവസംരംഭകർ ശ്രമിക്കണം.

പരമ്പരാഗതമായി ഒരു മേഖലയിൽ ബിസിനസ് നടത്തുന്നവർ അടുത്ത തലമുറയിൽ അതേ രീതിയിൽ മാത്രം മുന്നോട്ടു പോകാതെ ഉൽപ്പാദനം, അസംസ്കൃത വസ്തുക്കളുടെ ലഭ്യത, വിതരണം, വിപണനം തുടങ്ങിയ മേഖലകളിലേക്കും ചിന്ത വ്യാപിപ്പിക്കണം.

സമൂഹത്തിന്റെ ദൈനംദിന ആവശ്യങ്ങൾ തിരിച്ചറിയുന്നതിലൂടെയും വലിയ സംരംഭങ്ങൾ രൂപപ്പെടാമെന്ന് അദ്ദേഹം പറഞ്ഞു.

സഞ്ചാരം പരിപാടിയെ സഫാരി ടിവിയായി വളർത്തിയ അനുഭവവും അദ്ദേഹം പങ്കുവച്ചു. പരിപാടിയുടെ പ്രേക്ഷകരെ ഉൾപ്പെടുത്തി വിദേശയാത്രകൾ സംഘടിപ്പിക്കുന്നതും ചാനലിന്റെ ഉള്ളടക്കവുമായി ബന്ധപ്പെട്ട ഡിജിറ്റൽ, വീഡിയോ ഉൽപ്പന്നങ്ങൾ വാങ്ങി സൂക്ഷിക്കുന്ന വലിയൊരു പ്രേക്ഷക സമൂഹം രൂപപ്പെട്ടതും സംരംഭത്തിന്റെ വളർച്ചയ്ക്ക് സഹായകമായെന്ന് അദ്ദേഹം പറഞ്ഞു. സ്കൂൾ, കോളജ് ലൈബ്രറികൾ, അധ്യാപകർ, പ്രൊഫഷണലുകൾ എന്നിവരടങ്ങുന്ന ഏകദേശം 45,000 പേരുടെ സബ്സ്ക്രൈബർ സമൂഹം സഞ്ചാരത്തിനുണ്ടെന്നും അദ്ദേഹം വ്യക്തമാക്കി. ഉൽപ്പന്നം വാങ്ങാനുള്ള താൽപര്യത്തിനപ്പുറം സ്ഥാപനത്തോടും സംരംഭത്തോടും വൈകാരികമായ ബന്ധം ഉപഭോക്താക്കളിൽ വളർത്തിയെടുക്കാൻ കഴിയുന്നതാണ് സംരംഭകന്റെ വലിയ വിജയമെന്നും സന്തോഷ് ജോർജ് കുളങ്ങര പറഞ്ഞു.

സൊസൈറ്റി ടുഡേ SOCIETY TODAY



കെയർ ഫോർ ഓട്ടിസം, റോട്ടറി ക്ലബ് ഓഫ് കൊച്ചിൻ നൈറ്റ്സ് ട്രസ്റ്റിന്റെ നേതൃത്വത്തിൽ സംഘടിപ്പിക്കുന്ന സാന്റാ റൺ കൊച്ചി 2026ന്റെ ടി ഷർട്ട് രമേഷ് പിഷാരടി എംഎൽഎ പ്രകാശനം ചെയ്യുന്നു. റോട്ടറി ക്ലബ് ഓഫ് കൊച്ചിൻ നൈറ്റ്സ് മെമ്പർ അലൻ തോമസ്, പ്രസിഡന്റ് ബിജു റോയ്, സെക്രട്ടറി ബിഡു, രഞ്ജിത് വാര്യർ എന്നിവർ സമീപം

സാന്റാ റൺ ഏഴാം പതിപ്പ് ഡിസംബർ ആറിന്

കൊച്ചി: ഓട്ടിസം സ്പെക്ട്രത്തിലുള്ള കുട്ടികൾക്കും അവരുടെ കുടുംബങ്ങൾക്കും പിന്തുണ നൽകുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ച സാന്റാ റൺ ഏഴാം പതിപ്പിലേക്ക്. റോട്ടറി ക്ലബ് ഓഫ് കൊച്ചിൻ നൈറ്റ്സ് ട്രസ്റ്റിന്റെ നേതൃത്വത്തിൽ സംഘടിപ്പിക്കുന്ന സാന്റാ റൺ കൊച്ചി 2026 ഡിസംബർ 6ന് പുലർച്ചെ 5 മണിക്ക് ഗ്രാൻഡ് ഹയാത്ത് കൊച്ചി ബോൾഗാട്ടിയിൽ നടക്കും. 21.1 കിലോമീറ്റർ ഹാഫ് മാരത്തൺ, 10 കിലോമീറ്റർ റൺ, 5 കിലോമീറ്റർ ഫാമിലി ഫൺ റൺ എന്നീ വിഭാഗങ്ങളാണ് പരിപാടിയിലുള്ളത്. രമേഷ് പിഷാരടി എംഎൽഎ സാന്റാ റൺ കൊച്ചി 2026ന്റെ ടി ഷർട്ട് പ്രകാശനം ചെയ്തു.

കെയർഫോർ ഓട്ടിസം പദ്ധതിയുടെ ഭാഗമായി കഴിഞ്ഞ വർഷങ്ങളിലായി ഏകദേശം 50 ലക്ഷം രൂപയുടെ വിവിധ സാമൂഹികക്ഷേമ പ്രവർത്തനങ്ങളാണ് ട്രസ്റ്റ് ഏറ്റെടുത്ത് നടപ്പിലാക്കിയത്. ഹൃദയസംബന്ധമായ ആരോഗ്യപ്രശ്നങ്ങളുള്ള ഓട്ടിസം സ്പെക്ട്രത്തിലുള്ള 15 കുട്ടികൾക്ക് അമൃത ആശുപത്രിയിലെ പീഡിയാട്രിക് കാർഡിയോളജിസ്റ്റ് ഡോ. ബ്രിജേഷിന്റെ സഹകരണത്തോടെ ഹൃദയശസ്ത്രക്രിയകൾക്ക് സാമ്പത്തിക സഹായം ലഭ്യമാക്കി. അർഹരായ കുടുംബങ്ങൾക്ക് ഭവനസഹായം, സ്കൂൾ യാത്രയ്ക്കായി പ്രത്യേക വാഹനം, രണ്ട് സ്ഥാപനങ്ങളിലായി ഓട്ടിസം സ്പെക്ട്രത്തിലുള്ള കുട്ടികൾക്കായി സെൻസറി പാർക്കുകളുടെ നിർമാണം എന്നിവയും ഈ പദ്ധതിയുടെ പ്രധാന നേട്ടങ്ങളാണ്.

ബോധവത്കരണത്തിൽ മാത്രം ഒതുങ്ങാതെ ഓട്ടിസമുള്ള വ്യക്തികൾക്ക് സമൂഹത്തിൽ തുല്യമായ അംഗീകാരവും അവസരങ്ങളും ഉറപ്പാക്കുകയും സാമൂഹിക ജീവിതത്തിൽ സജീവമായി പങ്കുചേരുന്നതിനും പരമാവധി സ്വതന്ത്രമായ ജീവിതം നയിക്കുന്നതിനും അനുയോജ്യമായ സാഹചര്യങ്ങൾ സൃഷ്ടിക്കുകയും ചെയ്യുക എന്നതാണ് ഈ മുന്നേറ്റത്തിന്റെ ലക്ഷ്യം. ഓരോ കുട്ടിയുടെയും വ്യക്തിഗതമായ കഴിവുകളും താൽപര്യങ്ങളും ആവശ്യങ്ങളും തിരിച്ചറിഞ്ഞ് അവരുടെ സമഗ്രമായ വളർച്ചയ്ക്കും കഴിവുകൾ വികസിപ്പിച്ച് പ്രകടിപ്പിക്കുന്നതിനും ആവശ്യമായ പിന്തുണയും അവസരങ്ങളും ഒരുക്കുക എന്നതാണ് പദ്ധതിയുടെ കാഴ്ചപ്പാട്.

ഇവിഎം ആണ് പരിപാടിയുടെ പ്രിൻസിപ്പൽ സ്പോൺസർ. സൗത്ത് ഇന്ത്യൻ ബാങ്ക് പ്രീമിയർ പാർട്ണറായും സിഗ്നേച്ചർ ഡബ്ലിംഗ്സ് അസോസിയേറ്റ് പാർട്ണറായും ഗ്രാൻഡ് ഹയാത്ത് കൊച്ചി ഹോസ്പിറ്റാലിറ്റി പാർട്ണറായും ഡെക്കാത്ലോൺ സ്പോർട്സ് പാർട്ണറായും സഹകരിക്കുന്നു. ഇതോടൊപ്പം കമ്മ്യൂണിറ്റി പാർട്ണർമാരും നിരവധി ഗുഡ്വിൽ പാർട്ണർമാരും അഭ്യുദയകാംക്ഷികളും ഈ സംരംഭത്തിന് പിന്തുണയുമായി ഒത്തുചേരുന്നു.

സാന്റാ റൺ കൊച്ചി 2026ൽ പങ്കാളികളാകുന്നതിനും ആരോഗ്യകരമായ ജീവിതശൈലി പ്രോത്സാഹിപ്പിക്കുന്നതിനൊപ്പം സാമൂഹിക പ്രതിബദ്ധതയുടെ ഈ മുന്നേറ്റത്തിന്റെ ഭാഗമാകുന്നതിനും പൊതുജനങ്ങൾക്ക് അവസരമുണ്ട്. രജിസ്ട്രേഷനും കൂടുതൽ വിവരങ്ങൾക്കും സന്ദർശിക്കുക: www.santarunkochi.com

ഗ്രാജ്വേറ്റ് അപ്രന്റീസുമാരുടെ നിയമനത്തിന് എഐ അധിഷ്ഠിത സംവിധാനവുമായി ഫെഡറൽ ബാങ്ക്

കൊച്ചി: ബാങ്കിങ് മേഖലയിൽ പ്രായോഗിക പരിശീലനവും തൊഴിൽപരിചയവും നേടാൻ യുവ ബിരുദധാരികൾക്ക് അവസരമൊരുക്കുന്ന അപ്രന്റീസസ് ആക്ട് പ്രകാരമുള്ള പദ്ധതിയിലേക്ക് ഫെഡറൽ ബാങ്ക് അപേക്ഷ ക്ഷണിച്ചു. നിയമന പ്രക്രിയയിൽ ഡിജിറ്റൽ സാങ്കേതികവിദ്യയ്ക്ക് പ്രാമുഖ്യം നൽകുന്നതിന്റെ ഭാഗമായി എഐ അധിഷ്ഠിത സംവിധാനമാണ് ബാങ്ക് അവതരിപ്പിച്ചിരിക്കുന്നത്. അപേക്ഷകളുടെ പ്രാഥമിക പരിശോധനയ്ക്ക് ശേഷം ഓൺലൈൻ അഭിരുചി പരീക്ഷയും എഐ അധിഷ്ഠിത അഭിമുഖവും സംയോജിപ്പിച്ചാണ് നിയമന പ്രക്രിയ രൂപകൽപ്പന ചെയ്തിരിക്കുന്നത്. ഉദ്യോഗാർത്ഥികൾക്ക് കൂടുതൽ സൗകര്യപ്രദവും ലളിതവുമായ അനുഭവം പ്രദാനം ചെയ്യുന്നതിനൊപ്പം, കൂടുതൽ യുവപ്രതിഭകളിലേക്ക് കാര്യക്ഷമമായി എത്തിച്ചേരാനും സാങ്കേതികവിദ്യയുടെ സഹായത്തോടെയുള്ള ഈ സംവിധാനം ബാങ്കിനെ പ്രാപ്തമാക്കും.

'റിക്രൂട്ട്മെന്റ്' പ്രക്രിയ കൂടുതൽ ലളിതവും സൗകര്യപ്രദവും ആക്കുന്നതിൽ സാങ്കേതികവിദ്യയ്ക്ക് വലിയ പങ്കുവഹിക്കാനാകുമെന്ന് ഞങ്ങൾ വിശ്വസിക്കുന്നു. തിരഞ്ഞെടുപ്പ് പ്രക്രിയയിൽ പങ്കെടുക്കുന്നതിന് ഉദ്യോഗാർഥികൾക്ക് കൂടുതൽ സൗകര്യവും സ്വാതന്ത്ര്യവും നൽകാനും സാങ്കേതികവിദ്യ സഹായിക്കും. എഐ അധിഷ്ഠിത അഭിമുഖങ്ങളുടെ അവതരണം ആധുനിക ഡിജിറ്റൽ റിക്രൂട്ട്മെന്റ് അനുഭവത്തിലേക്കുള്ള ഞങ്ങളുടെ യാത്രയിലെ മറ്റൊരു സുപ്രധാന ചുവടുവയ്പ്പാണ്. യുവപ്രതിഭകളിലേക്ക് കൂടുതൽ കാര്യക്ഷമമായി എത്തിച്ചേരുന്നതിനൊപ്പം ഭാവിയുടെ ആവശ്യങ്ങൾ നേരിടാൻ സജ്ജമായ തൊഴിൽശക്തിയെ വളർത്തിയെടുക്കുന്നതിനുള്ള അവസരങ്ങൾ സൃഷ്ടിക്കാനും ഇതിലൂടെ സാധിക്കും,' ഫെഡറൽ ബാങ്ക് എക്സിക്യൂട്ടീവ് വൈസ് പ്രസിഡന്റും ചീഫ് ഹ്യൂമൻ റിസോഴ്സസ് ഓഫീസറുമായ രാജനാരായണൻ എൻ പറഞ്ഞു.

യോഗ്യരായ ഉദ്യോഗാർഥികൾക്ക് വിശദമായ വിജ്ഞാപനവും അപേക്ഷാ മാർഗനിർദേശങ്ങളും ഫെഡറൽ ബാങ്ക് വെബ്സൈറ്റിൽ ലഭ്യമാണ്. 2026 നവംബർ 24 ആണ് അപേക്ഷിക്കാനുള്ള അവസാന തീയതി.

ആരോഗ്യസേവന രംഗത്തെ മികവിന് അംഗീകാരം



കൊച്ചി: കേരളത്തിലെ ആരോഗ്യപരിചരണ മേഖലയ്ക്ക് നൽകിവരുന്ന ദീർഘകാല സേവനങ്ങളെയും സാങ്കേതിക മികവിനെയും മാനിച്ച് ആലുവ ആസ്ഥാനമായി പ്രവർത്തിക്കുന്ന എലിക്സിർ മെഡിസിസ്റ്റംസിനെ പ്രമുഖ മെഡിക്കൽ ഉപകരണ നിർമ്മാതാക്കളായ ബിപിഎൽ മെഡിക്കൽ ടെക്നോളോജിസ് ആദരിച്ചു. കമ്പനിയുടെ വാർഷിക അംഗീകാര വേദിയായ 'ബിപിഎൽ എലവേറ്റ് 2026'ന്റെ ഭാഗമായാണ് പുരസ്കാരം നൽകിയത്.

2008ൽ സ്ഥാപിതമായ എലിക്സിർ മെഡിസിസ്റ്റംസ് തുടക്കം മുതൽ ബിപിഎൽ മെഡിക്കൽ ടെക്നോളോജിസിന്റെ കേരളത്തിലെ പ്രധാന വിൽപ്പനസേവന പങ്കാളിയാണ്. ബിസിനസ് മാനേജ്മെന്റിൽ ബിരുദാനന്തര ബിരുദവും ആരോഗ്യപരിചരണമെഡിക്കൽ ഉപകരണ മേഖലകളിൽ മൂന്ന് പതിറ്റാണ്ടിലേറെക്കാലത്തെ പ്രവൃത്തിപരിചയവുമുള്ള ബിജു സി. മണിയാണ് സ്ഥാപനത്തിന് നേതൃത്വം നൽകുന്നത്. 12 വിദഗ്ധ എൻജിനീയർമാരടങ്ങുന്ന സാങ്കേതിക സംഘമാണ് ആശുപത്രികൾക്കും ക്ലിനിക്കുകൾക്കും സമയബന്ധിതമായ സേവനവും വിൽപ്പനാനന്തര പിന്തുണയും ഉറപ്പാക്കുന്നത്.



ഇന്ത്യയേയും ടാൻസാനിയയേയും ബന്ധിപ്പിച്ച് ഇൻഡിഗോ സർവീസ്

കൊച്ചി: ഇന്ത്യയേയും ടാൻസാനിയയേയും തമ്മിൽ നേരിട്ട് ബന്ധിപ്പിച്ച് വിമാനസർവീസ് നടത്തുന്ന ഏക ഇന്ത്യൻ വിമാനക്കമ്പനിയായി ഇൻഡിഗോ. മുംബൈയേയും ദാർ എസ് സലാമിനേയും ബന്ധിപ്പിച്ച് പ്രതിദിന സർവീസ് ഇൻഡിഗോ ആരംഭിച്ചു. ഇന്ത്യയുടെ സാമ്പത്തിക തലസ്ഥാനമായ മുംബൈയെ ടാൻസാനിയയിലെ ഏറ്റവും വലിയ നഗരവും ഇന്ത്യൻ മഹാസമുദ്രത്തിലെ പ്രധാന തുറമുഖവുമായ ദാർ എസ് സലാമുമായി ബന്ധിപ്പിക്കുന്ന പ്രതിദിന സർവീസ് ഇൻഡിഗോ നവംബർ 20ന് ആരംഭിച്ചു.

ഈ പുതിയ സർവീസ് ദാർ എസ് സലാമിൽ നിന്ന് ഡൽഹി, ബെംഗളൂരു, ഹൈദരാബാദ്, ചെന്നൈ, കൊൽക്കത്ത, അഹമ്മദാബാദ്, ബാങ്കോക്ക്, സിംഗപ്പൂർ എന്നിവയുൾപ്പെടെ ഇന്ത്യയിലും മറ്റ് രാജ്യങ്ങളിലുമായി ഇൻഡിഗോയുടെ ശൃംഖലയിലെ 20ലധികം ലക്ഷ്യസ്ഥാനങ്ങളിലേക്ക് തടസ്സമില്ലാത്ത ഒറ്റവിമാനത്താവള യാത്രാസൗകര്യം നൽകുന്നു. അതോടൊപ്പം, ഇൻഡിഗോയുടെ ശൃംഖലയിലെ വിവിധ സ്ഥലങ്ങളിൽ നിന്നുള്ള ഉപഭോക്താക്കൾക്ക് മുംബൈ വഴി ദാർ എസ് സലാമിലേക്ക് സൗകര്യപ്രദമായി എത്തിച്ചേരാനും ഇത് സഹായിക്കുന്നു.

രാജ്യത്തിന്റെ വളർച്ചയ്ക്കായി സർക്കാരും വ്യവസായ മേഖലയും ഒന്നിക്കണമെന്ന് അനിൽ അഗർവാൾ

കൊച്ചി: പ്രധാനമന്ത്രിയുടെ വികസന കാഴ്ചപ്പാടുകൾക്കൊപ്പം രാജ്യത്തിന്റെ സാമ്പത്തിക വളർച്ച വേഗത്തിലാക്കാനും വൻതോതിൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കാനും സർക്കാരും സ്വകാര്യ മേഖലയും കൂടുതൽ സഹകരിച്ച് പ്രവർത്തിക്കണമെന്ന് വേദാന്ത ഗ്രൂപ്പ് ചെയർമാൻ അനിൽ അഗർവാൾ. ഫിക്കി സമ്മേളനത്തിൽ പ്രധാനമന്ത്രി നടത്തിയ പ്രസംഗത്തെ പരാമർശിച്ചുകൊണ്ടാണ് അദ്ദേഹം ഇക്കാര്യം വ്യക്തമാക്കിയത്. പ്രകൃതിവിഭവങ്ങൾ, ഊർജ്ജം, നിർമ്മാണം, വൻകിട വ്യവസായങ്ങൾ എന്നീ മേഖലകളിലെ പൊതുമേഖലാ സ്ഥാപനങ്ങളിൽ കൂടുതൽ സ്വകാര്യവൽക്കരണം വേണമെന്ന് അദ്ദേഹം നിർദ്ദേശിച്ചു. സ്വകാര്യ മേഖലയുടെ മാനേജ്മെന്റ് മികവിലൂടെ ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കാനും എംഎസ്എംഇ മേഖലയെ പ്രോത്സാഹിപ്പിക്കാനും സാധിക്കും.

ജീവനക്കാരെ പിരിച്ചുവിടരുത്, തൊഴിലവസരങ്ങൾ മൂന്നിരട്ടിയായി വർദ്ധിപ്പിക്കണം എന്നീ രണ്ട് വ്യവസ്ഥകളോടെ വേണം സ്വകാര്യവൽക്കരണം നടപ്പിലാക്കാൻ. കോർപ്പറേറ്റ് ഏറ്റെടുക്കലുകൾക്ക് പകരം പൊതുജനങ്ങൾക്ക് ഓഹരികൾ വിതരണം ചെയ്യുന്ന രീതിയും പരിഗണിക്കാവുന്നതാണ്. അദ്ദേഹം ചൂണ്ടിക്കാട്ടി.

RNI No:KERMAL/2018/76135 Society Today Magazine-Special Issue-Private circulation, Kochi-26, 0484-3512288 , Kerala.E-mail-societytodaynews@gmail.com